بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

ലക്കം 33

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഓഗസ്റ്റ് 15/ഹി.ശം 1403 ളുഹൂർ 15/ഹി:ഖ 1446 സഫർ 09

## അല്ലാഹുവിന്റെ വചനം

وَاَقِمِ الصَّلٰوۃَ طَرَفَیِ النَّہَارِ وَزُلَفًا مِّنَ الَّیۡلِ ؕ اِنَّ الۡحَسَنٰتِ یُذۡہِبۡنَ السَّیِّاٰتِ ؕ ذٰلِکَ ذِکۡرٰی لِلذّٰکِرِیۡنَ ﴿۱۱۵﴾

(سُوۡرَۃُ ھُوۡدٍ: 115)

'പകലിന്റെ രണ്ടു ഭാഗങ്ങളിലും രാവിന്റെ ആദ്യഭാഗങ്ങളിലും നമസ്കാരം നിലനിറുത്തുക. തീർച്ചയായും സൽക്കർമങ്ങൾ ദുഷ്ക്കർമങ്ങളെ അകറ്റിക്കളയുന്നു. ഇത് (ഈ അധ്യാപനം)ഓർമിക്കുന്നവർക്ക് ഒരു ഉൽബോധനമാകുന്നു.'

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### ദാനവാഗ്ദാനം പൂർത്തിയാക്കുന്നതിനുമുമ്പേ മരണപ്പെട്ടാൽ

(2296) ഹദ്റത്ത് ജാബിർ(റ) പറയുന്നു: ബഹ്റയ്നിൽനിന്നുള്ള നികുതിപ്പണം എത്തിയാൽ ഞാൻ നിനക്കിത്രയിത്ര തരുമെന്ന് നബി(സ)തിരുമേനി എന്നോടു പറഞ്ഞു. നബി(സ)തിരുമേനി മരിക്കുന്നതുവരേക്കും ബഹ്റയ്നിലെ നികുതിപ്പിണം എത്തിയില്ല. പിന്നീട് അതെത്തിയപ്പോൾ അബൂബക്ർ(റ) ഇപ്രകാരം വിളംബരം ചെയ്യിച്ചു. നബി(സ) തിരുമേനി ആർക്കെങ്കിലും വല്ല വാഗ്ദാനമോ കടമോ വീട്ടാൻ ബാക്കിയുണ്ടെങ്കിൽ അബൂബക്റിനെ സമീപിക്കുക. അപ്പോൾ ഞാൻ പറഞ്ഞു: നിശ്ചയം നബി(സ)തിരുമേനി എന്നോടു ഇപ്രകാരം പറയുകയുണ്ടായി. ഉടനെ അബുബക്ർ(റ) തന്റെ കൈകൊണ്ട് എനിക്ക് ഒരു പിടി വാരിത്തന്നു. ഞാനത് എണ്ണിനോക്കി. അപ്പോൾ അത് അഞ്ഞൂറ് ദിർഹമുണ്ടായിരുന്നു. അതിന്റെ ഇരട്ടി ഇതാ വാങ്ങിക്കൊള്ളുകയെന്ന് കൂടി അബൂബക്ർ(റ) പറഞ്ഞു.

### വലതുഭാഗത്തിരിക്കുന്നവരുടെ പ്രാധാന്യം

(2602) ഹദ്റത്ത് സഹ്ൽ(റ) പറയുന്നു: നബി(സ) തിരുമേനിയുടെയടുക്കൽ ഒരാൾ ഒരു കോപ്പ പാനീയം കൊണ്ടുവന്നു. അവിടന്ന് അതു കുടിച്ചു. നബി(സ)തിരുമേനിയുടെ വലതുഭാഗത്ത് ഏറ്റവും പ്രായം കുറഞ്ഞ ഒരു യുവാവും ഇടുതഭാഗത്ത് പ്രായം ചെന്ന ആളുകളുമുണ്ടായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: യുവാവേ! ആദ്യം പ്രായംചെന്നവർക്ക് കൊടുക്കാൻ നീ

ശേഷം പേജ് 10 ൽ

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
05 ജൂലൈ 2024

സലാഹുദ്ദീൻ അയ്യൂബി
- ഫള്ൽ അഹ്മദ്

റിപ്പോർട്ട് : ജർമൻ പര്യടനം

**എന്നെ ഒരു ദൈവമനുഷ്യനായി വിശ്വസിക്കുക. പിന്നീട് മുസ്‌ലിമീങ്ങളിൽ കാണപ്പെടുന്ന സകല കലഹങ്ങളും വഴക്കുകളും ക്ഷണത്തിൽ പരിഹരിക്കപ്പെടുന്നതാണ്. സത്യം നിങ്ങൾക്ക് കാണാൻ കഴിയുന്നതിന് എന്റെയടുത്തുവരിക. എന്റേതു കേൾക്കുക. എല്ലാ വസ്ത്രവും ഊരി വെപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. സത്യമായി പശ്ചാത്തപിച്ച് സത്യവിശ്വാസിയാകുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عَلَیۡہِ السَّلَام ന്റെ ഉപദേശങ്ങൾ

"എന്റെ സ്ഥാനം സാധാരണക്കാരനായ ഒരു മൗലവിയുടേതല്ല. പ്രത്യുത എന്റെ സ്ഥാനം പ്രവാചകന്മാരുടെ സുന്നത്തിന്റേതാണ്. എന്നെ ഒരു ദൈവമനുഷ്യനായി വിശ്വസിക്കുക. പിന്നീട് മുസ്‌ലിമീങ്ങളിൽ കാണപ്പെടുന്ന സകല കലഹങ്ങളും വഴക്കുകളും ക്ഷണത്തിൽ പരിഹരിക്കപ്പെടുന്നതായിരിക്കും. ആ ദൈവമനുഷ്യൻ അല്ലാഹുവിൽനിന്ന് നീതിമാനായ വിധികർത്താവായി വന്നിരിക്കുന്നു. വിശുദ്ധ ഖുർആന് ദൈവമനുഷ്യൻ നല്കുന്ന അർഥമായിരിക്കും ശരിയായിട്ടുള്ള അർഥം. ഏതൊരു ഹദീഥിനെ അദ്ദേഹം ശരിയെന്ന് പറയുമോ അതായിരിക്കും ശരിയായിട്ടുള്ള ഹദീഥ്. ഇല്ലെങ്കിൽ ഇന്നുവരെയുള്ള ശിയ - സുന്നി കലഹം നോക്കുക അതെപ്പോൾ പരിഹരിക്കപ്പെടാനാണ്........ ഞാൻ പറയുന്നു: അവർ തങ്ങളുടെ രീതിവിട്ട് എന്നിലായിക്കൊണ്ട് നോക്കാത്തിടത്തോളം സത്യത്തിൽ ഒരിക്കലും എത്തിച്ചേരുകയില്ല. അവർക്ക് വിശ്വാസമില്ലെങ്കിൽ കുറഞ്ഞപക്ഷം അവസാനം മരിക്കേണ്ടതാണെന്ന വിചരമുണ്ടാകേണ്ടതാണ്. മരിച്ചതിനുശേഷം വൃത്തികെട്ടവർ ഒരിക്കലും മോക്ഷം പ്രാപിക്കുകയില്ല. മാന്യനായൊരു വ്യക്തിയുടെ പക്കൽ ചീത്തപറയൽ ഇഷ്ടകരമായൊരു കാര്യമല്ലെന്ന് വരുമ്പോൾ പരിശുദ്ധനായ അല്ലാഹുവിന്റെ സന്നിധിയിൽ ആരാധന എപ്പോഴാകാനാണ്? അതുകൊണ്ട് ഞാൻ പറയുന്നു, സത്യം നിങ്ങൾക്ക് കാണാൻ കഴിയുന്നതിന് എന്റെയടുത്തുവരിക. എന്റേതു കേൾക്കുക. എല്ലാ വസ്ത്രവും ഊരി വെപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. സത്യമായി പശ്ചാത്തപിച്ച് സത്യവിശ്വാസിയാകുക. പിന്നീട് ഏതൊരു ഇമാമിനെയാണോ നിങ്ങൾ കാത്തിരിക്കുന്നത് ഞാൻ പറയുന്നു, അതു ഞാൻതന്നെയാണ്. അതിനുള്ള തെളിവ് എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. അതുകൊണ്ട് (ഹദ്റത്ത് അബൂബക്ർ, ഉമർ, ഉഥ്മാൻ) എന്നിവർ ഇടയ്ക്കുവരാതെ ഹദ്റത്ത് അലിയായിരുന്നില്ലേ ഒന്നാമത്തെ ഖലീഫയാകേണ്ടിയിരുന്നതെന്ന ശിയാക്കളുടെ ഒരു ഫലവും ചെയ്യാത്ത ചോദ്യത്തെ ആദരദൃഷ്ടിയോടെ ഞാൻ നോക്കിയിട്ടില്ല. ഈ അഴുക്കുകളെ എടുത്തുകളയാൻ അല്ലാഹു എന്നെ അയച്ചിരിക്കുന്നു.

നോക്കുക! ശിയാക്കളുടെ ഹദീഥുകളെ സുന്നീ വ്യർഥമെന്നു പറയുന്നു. ഇവർ തങ്ങളുടെ ഹദീഥുകളെ മർഫൂഅ് മുത്തസ്സിൽ (നിവേദക ശൃംഖലയിൽ കണ്ണികൾക്കൊന്നിനും കേടുപാടുകൾ കൂടാതെ പ്രവാചകൻ(സ)വരെ എത്തുന്ന ഹദീഥ്) എന്നു പറയുന്നു. അതായത് അവിച്ഛിന്നമായ 'സനദു'കളുള്ള ഹദീഥുകൾ) ഇമാമുകളിൽനിന്ന് നിവേദനം ചെയ്യപ്പെട്ടതെന്ന് പറയുന്നു. ഈ എല്ലാ കലഹവും വ്യർഥമാണെന്ന് നാം പറയുന്നു. ഇപ്പോൾ മൃതമായിപ്പോയ കാര്യങ്ങൾ ഉപേക്ഷിക്കുക. നിങ്ങൾക്ക് ജീവിതത്തിന്റെ ആത്മാവ് കിട്ടുന്നതിന് ഒരു ജീവനുള്ള ഇമാമിനെ തിരിച്ചറിയുക. നിങ്ങൾ അല്ലാഹുവിനെ അന്വേഷിക്കുന്നുവെങ്കിൽ അല്ലാഹുവിൽനിന്ന് നിയോഗിതനായി വന്നയാളെ തിരയുക. ആരെങ്കിലും അശുദ്ധി മാറ്റുന്നില്ലെങ്കിൽ ഞങ്ങൾ അന്ധന്മാരാണോ? മുനാഫിഖിന്റെ മനസ്സിന്റെ നാറ്റം മണക്കുന്നില്ലേ? നാം മനുഷ്യനെ ക്ഷണത്തിൽ മനസ്സിലാക്കുന്നു. അതായത് അവന്റെ കാര്യം ഇതിന്റെ അടിസ്ഥാനത്തിലാണെന്ന്. അതു

ശേഷം പേജ് 11 ൽ

**കളവ് ആത്മീയതയെ നശിപ്പിച്ചുകളയുന്ന രോഗമാണ്. കളവു പറയുന്നവർ മറ്റുള്ളവരെ വഞ്ചിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. വഞ്ചന ആളുകൾക്ക് നഷ്ടമാക്കുന്നതാണ്. ആ ദോഷം തുടച്ചുനീക്കുക എന്നത് സത്യവാന്മാരും ആത്മാർഥരുമായ എല്ലാ മുസ്‌ലിമീങ്ങളുടേയും നിർബന്ധ കടമയാണ്. കളവുനിറഞ്ഞ ജനതയും ഒരിക്കലും വിജയിക്കുകയില്ല.**

സൂറ ഹജ്ജിലെ 31-ാമത്തെ വചനമായ **ഫജ്ത്തനിബുർരിജ്സ മിനൽ ഔഥാനി വജ്ത്തനിബൂ ഖൗലസ്സൂരി** (അതിനാൽ ബിംബാരാധനയുടെ മാലിന്യത്തിൽനിന്ന് അകന്നു നിൽക്കുക. കള്ളം പറയുന്നതിൽനിന്നും അകന്നു നിൽക്കുക) എന്നതിനുള്ള തഫ്സീറിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"നിങ്ങളെ രണ്ടാമതായി ഞാനുപദേശിക്കുന്നത് കളവിൽനിന്ന് രക്ഷപ്പെടുക എന്നതാണ്. കാരണം ഇതും ആത്മീയതയെ നശിപ്പിച്ചുകളയുന്ന രോഗമാണ്. മുശ്‌രിക് അഥവാ അന്യാരാധകൻ തന്റെ സത്തയിൽ ഏറ്റവും വലിയ കളവാണ്. കാരണം അല്ലാഹു നൽകിയിട്ടില്ലാത്ത ശക്തികളെ സംബന്ധിച്ച് ഇന്ന ഇന്ന വസ്തുക്കളുണ്ടെന്നാണ് ഒരു മുശ്‌രിക് പറയുന്നത്. ഇപ്രകാരം അവൻ കളവിന്റെ മാലിന്യത്തിൽ തലയിടുന്നു. പ്രവാചന്മാരുടെ ജമാഅത്തുകളുടെ അടയാളങ്ങളിൽ ഒരു കനപ്പെട്ട അടയാളം സത്യസന്ധതയാകുന്നു എന്നതാണ് യാഥാർഥ്യം. ഈ അടയാളം എങ്ങനെയുള്ളതാണെന്നാൽ, അത് അതിന്റെ സത്തയിൽ വളരെയധികം പ്രാധാന്യമുൾക്കൊള്ളുന്നുണ്ട്. എന്നാൽ, വ്യസനകരമെന്നു പറയട്ടെ, ലോകത്ത് ധാരാളമാളുകൾ സത്യസന്ധതയുടെ വിലയും നിലയും മനസ്സിലാക്കുന്നില്ല. പ്രത്യേകിച്ചും ഇക്കാലത്ത് ഈ രോഗം കൂടുതൽ കാണുന്നു. കാരണം ഇക്കാലം മുഖസ്തുതിയുടേയും കാപട്യത്തിന്റേയും കാലമാണ്. ഇക്കാലത്ത് സംസ്കാരത്തിന്റെ അർഥം മനസ്സിലാക്കപ്പെ

ശേഷം പേജ് 10 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഈ ഗസ്വകൾ ശത്രുക്കളുടെ ദ്രോഹങ്ങൾ തടയാനും അവരുടെ ദ്രോഹ ചിന്തകളെ ഇല്ലാതാക്കാനും സമാധാനാന്തരീക്ഷം സ്ഥാപിക്കാനും വേണ്ടി ചെയ്തുവെന്നാണ് സ്ഥാപിതമാകുന്നത്. അതല്ലാതെ എന്തെങ്കിലും കൊള്ളയും കൊലയും അനാവശ്യ കൈകടത്തലുകൾ നടത്താനും സമാധാനം നശിപ്പിക്കാനുമല്ല ചെയ്തത്. നബി(സ)തിരുമേനിക്കുമേലുള്ള ഇത്തരം ആരോപണങ്ങളെ യാഥാർഥ്യങ്ങൾ നിഷേധിക്കുന്നു.**

**നബി(സ)തിരുമേനി പുറപ്പെടാൻ ആഹ്വാനം ചെയ്തുകൊണ്ട് തന്റെ പ്രഭാഷണത്തിൽ പറഞ്ഞു: 'നമ്മൾ സത്യനിഷേധികളുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് പുറപ്പെടുമെന്ന് അന്നുതന്നെ വാഗ്ദാനം ചെയ്തിരുന്നതാണ്. അതിനാൽ അത് നമുക്ക് ലംഘിക്കാൻ സാധ്യമല്ല. എനിക്ക് ഒറ്റയ്ക്കുപോകേണ്ടി വന്നാലും ഞാൻ പോകുന്നതായിരിക്കും. ശത്രുക്കൾക്ക് മുന്നിൽ ഒറ്റയ്ക്ക് നെഞ്ചുവിരിച്ച് നിൽക്കുന്നതായിരിക്കും. ഇതു കേട്ടപ്പോൾ ആളുകളുടെ ഭയം മാറിത്തുടങ്ങുകയും അവർ വലിയ ആവേശത്തോടെയും ആത്മാർഥതയോടെയും പുറപ്പെടാൻ തയ്യാറാകുകയും ചെയ്തു.**

**ഉഹുദുയുദ്ധത്തിനു ശേഷം വിവിധ ഗോത്രങ്ങൾ മുസ്‌ലിമീങ്ങളെ ബലഹീനരെന്ന് കണ്ട് അവരുടെമേൽ ആക്രമണം നടത്താൻ പദ്ധതിയിടുകയായിരുന്നു. അവരുടെമേൽ നബി(സ)തിരുമേനി വളരെ യുക്തിയോടും വിജയത്തോടുംകൂടി മുസ്‌ലിമീങ്ങളുടെ ശക്തിയും ധൈര്യവും പുനഃസ്ഥാപിച്ചു.**

**ബദ്റുൽമൗയിദ് യുദ്ധത്തിൽ കർമപരമായി യുദ്ധം നടന്നില്ലെങ്കിലും മുസ്‌ലിമീങ്ങളുടെ അന്തസ്സും വിശ്വാസവും പുനസ്ഥാപിക്കപ്പെട്ടു. ശത്രുക്കളുടെമേൽ ആദരയുക്തമായ ഭയമുണ്ടാക്കുന്നതിൽ വർധനയുണ്ടായി.**

**ഈ ഗസ്വയുടെ ഒരു ലക്ഷ്യം അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം വലിയൊരു ഉദ്ദേശ്യം രാജ്യത്ത് സമാധാന സ്ഥാപനത്തിനുള്ള ആദ്യത്തെ ഗസ്വ ആയിരുന്നു എന്നുള്ളതാണ്.**

*(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ))*

**ഗസ്വ ബദ്റുൽ മൗയിദിന്റേയും ഗസ്വ ദൂമത്തുൽ ജൻദലിന്റേയും കാരണങ്ങളുടേയും അവസ്ഥകളുടേയും സംഭവങ്ങളുടേയും ജ്ഞാനനിർഭരമായ വിശദീകരണം.**

**മുസ്‌ലിമീങ്ങൾക്ക് തങ്ങളുടെ സുരക്ഷയ്ക്കുള്ള സംവിധാനം ഒരുക്കേണ്ടി വരുന്നതാണ്. ഒരു ഐക്യമുണ്ടാക്കേണ്ടി വരും. തങ്ങളുടെ അവസ്ഥകളെ നന്നാക്കേണ്ടി വരും. ഇത് അവർക്ക് മനസ്സിലാകാൻ അല്ലാഹു കനിയുമാറാകട്ടെ.**

**ഖുത്ബ ജുമുഅ 2024 ജൂലൈ 5, 1403 വഫാ 05**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ രണ്ടു യുദ്ധങ്ങളെ സംബന്ധിച്ച് പറയുന്നതാണ്. ആദ്യത്തെ യുദ്ധത്തിന്റെ പേര് ഗസ്വ ബദ്റുൽമൗയിദ് എന്നാകുന്നു. ഇതു ഹിജ്റ നാലാം വർഷമാണ് നടന്നത്. ഈ യുദ്ധം ബദ്റുൽമൗയിദ്, ബദ്റുഥ്ഥാനിയ, ബദ്റുൽ ആഖിറ, ബദ്റുസ്സുഗ്റാ തുടങ്ങിയ പേരുകളിൽ പ്രസിദ്ധമാണ്. *(അർറഹീഖുൽ മഖ്തൂം, പേജ് 312-313, മക്തബത്തുർറുശ്ദ് നാശിറൂൻ 2000)*

ഈ യുദ്ധം നടന്ന തിയ്യതിയെപറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ കാണപ്പെടുന്നുണ്ട്. ഇബ്നു ഹിശാം, ഇബ്നു ഇസ്ഹാഖ് എന്നിവരുടെ അഭിപ്രായത്തിൽ ഹിജ്റ നാലാം വർഷം ശഅ്ബാൻ മാസം നബി(സ) തിരുമേനി ബദ്റിലേക്ക് പുറപ്പെട്ടു. *(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 618, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001) (അസ്സീറത്തുന്നബ്വിയ്യ ഇബ്നി ഇസ്ഹാഖ് പേജ് 391, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)*

വാഖ്ദിയുടെ അഭിപ്രായ പ്രകാരം ഈ യുദ്ധം ഹിജ്റ നാലാം വർഷം ദുൽഖഅ്ദ് മാസത്തിന്റെ ചന്ദ്രദർശനത്തിനു ശേഷമാണ് നടന്നത്. ബദ്റിൽ ദുൽഖഅ്ദ് 1 മുതൽ 8 വരെ ചന്ത ഉണ്ടാകുമായിരുന്നു. *(കിതാബുൽ മഗാസി വാഖ്ദി വാല്യം 1 പേജ് 324-325, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ശവ്വാൽ മാസത്തിൽ ബദ്റിലേക്ക് പുറപ്പെട്ടു. അതായത് മദീനയിൽനിന്ന് പുറപ്പെട്ട് ദുൽഖഅ്ദ് മാസത്തിന്റെ ചന്ദ്രപിറവിയുടെ രാത്രിയിലാണ് ബദ്റിലെത്തിയത്. ഏതായാലും ഈ നാലു നിവേദനങ്ങളുമനുസരിച്ച് നോക്കുകയാണെങ്കിൽ ഈ യുദ്ധം നടന്നത് ഹിജ്റ നാലാം വർഷത്തിൽത്തന്നെയാണ്. *(സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 373-374, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)*

അതേസമയം മാസത്തിന്റെ കാര്യത്തിൽ അഭിപ്രായവ്യത്യാസവുമുണ്ട്. ശവ്വാൽ മാസം അവസാനമായപ്പോൾ നബി(സ)തിരുമേനി 1500 സ്വഹാബാക്കളുടെ ഒരു സംഘത്തേയുംകൂട്ടി മദീനയിൽ നിന്ന് പുറപ്പെട്ടു എന്നാണ് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. ഇതേപ്പറ്റി എഴുതിയിട്ടുള്ളത്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 529)*

ഈ യുദ്ധത്തിനുള്ള കാരണമെന്തെന്നാൽ, അബൂസുഫിയാൻ ബിൻ ഹർബ് ഉഹുദുയുദ്ധത്തിൽ നിന്ന് തിരിക്കുമ്പോൾ

ഉച്ചത്തിൽ, അടുത്ത വർഷം ഞങ്ങൾക്കും നിങ്ങൾക്കും ബദ്റുസ്സ്വഫ്റാഅ് എന്ന സ്ഥലത്തു വെച്ച് കണ്ടുമുട്ടാം എന്ന് പറയുകയുണ്ടായി. ബദ്റിനെ ബദ്റുസ്സ്വഫ്റാഅ് എന്നും പറയാറുണ്ട്. നമുക്ക് അവിടെ വെച്ച് യുദ്ധം ചെയ്യാം. നബി(സ)തിരുമേനി അയാളോടു അതേ, ഇൻശാ അല്ലാഹ് എന്ന് പറയാൻ ഹദ്റത്ത് ഉമറിനോടു പറഞ്ഞു. അല്ലാമ ബയ്ളാവി എഴുതുന്നു: നബി(സ) തിരുമേനി സ്വയംതന്നെ ഇൻശാ അല്ലാഹ് എന്ന് മറുപടി നൽകുകയാണുണ്ടായത്. ബദ്ർ മക്കയ്ക്കും മദീനയ്ക്കുമിടയിലുള്ള ഒരു സുപ്രസിദ്ധ കിണറാകുന്നു. അത് സ്വഫ്റാഅ് താഴ്വരക്കും ജാർ എന്ന സ്ഥലത്തിനും ഇടയിലാകുന്നു. ബദ്ർ മദീനയ്ക്ക് തെക്കു പടിഞ്ഞാറ് 150 കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഇതാണ് ഈ സ്ഥലത്തിന്റെ ലൊക്കേഷൻ. ജാഹിലിയാ കാലഘട്ടത്തിൽ ഈ സ്ഥലത്ത് എല്ലാ വർഷവും ദുൽഖഅ്ദ് 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ ചന്ത അഥവാ മേള നടക്കാറുണ്ടായിരുന്നു. അബൂസുഫിയാൻ അഹങ്കാരത്തിൽ വിളംബരം നടത്തിയെങ്കിലും വാഗ്ദാനത്തിന്റെ ദിവസം അടുക്കുന്തോറും അബൂസുഫിയാൻ യുദ്ധത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ, പ്രത്യക്ഷത്തിൽ ഒരു വലിയ സൈന്യവുമായി നബി(സ) തിരുമേനിക്കെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറെടുക്കുകയാണെന്ന വാർത്ത മദീനക്കാർക്കിടയിലെത്താനും അറേബ്യയിലെ മറ്റു പ്രദേശങ്ങളിൽ പരത്താനും മുസ്‌ലിമീങ്ങളെ ഭയപ്പെടുത്താനും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ ബനൂഅശ്ജഅ് ഗോത്രത്തിൽപ്പെട്ട ഒരാൾ നുഅയിം ബിൻ മസ്ഊദ് മക്കയിൽപോയി. ഇയാൾ പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിരുന്നു. അയാളവിടെ അബൂസുഫിയാനെ സന്ദർശിച്ചുകൊണ്ട് പറഞ്ഞു: "മുസ്‌ലിമീങ്ങളുടെ തയ്യാറെടുപ്പിനെ സംബന്ധിച്ച് ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യവുമായിട്ടാണ് ഞാൻ മക്കയിൽ വന്നിട്ടുള്ളത്. അവരുടെ പക്കൽ നിരവധി ആയുധക്കോപ്പുകളും ഒട്ടകങ്ങളും കുതിരകളുമുണ്ട്. അവർ തങ്ങളുടെ സുഹൃത്ത് ഗോത്രത്തേയും കൂടെകൂട്ടിയിട്ടുണ്ട്. ഇനി അവർ വളരെ ശക്തമായി ആക്രമണം നടത്തുന്നതായിരിക്കും. നോക്കൂ! നിങ്ങളാണ് ഈ യുദ്ധത്തിനുവേണ്ടി അവരെ വെല്ലുവിളിച്ചത്. പ്രസ്തുത വാഗ്ദത്ത സമയം അടുത്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ യുദ്ധമൈതാനത്ത് നിങ്ങളുടെ പ്രാവീണ്യം കാണിക്കണം. അബൂസുഫിയാൻ വർത്തമാനം മാറ്റിക്കൊണ്ട് പറഞ്ഞു:നുഅയിമേ, നിങ്ങൾക്കറിയുമോ, ഞങ്ങളുടെ നാട്ടിൽ കൊടുംവരൾച്ചയാണ്. നീണ്ടകാലമായി മഴയില്ല. ജലാശയങ്ങളെല്ലാം വറ്റിവരണ്ടിരിക്കുന്നു. വളർത്തുമൃഗങ്ങൾക്കും യാത്രാമൃഗങ്ങൾക്കും നൽകാൻ പുല്ലുപോലുമില്ല. എല്ലാ ഭാഗത്തും പട്ടിണിയാണ്. അതുകൊണ്ട് ഈ ദിവസങ്ങൾ തള്ളി നീക്കുകയാണ് ബുദ്ധി. അതിനുവേണ്ടി നിങ്ങൾക്ക് വലിയൊരു കാര്യം ചെയ്യാൻ കഴിയുന്നതായിരിക്കും. അതായത് അദ്ദേഹത്തോടു സഹായം ചോദിക്കുകയാണ്. നിങ്ങൾ മദീനയിൽപോയി ഞങ്ങളുടെ ഉറച്ച നിലപാടുകളേയും അംഗബലത്തേയും പറ്റി അതിശയോക്തി കലർത്തി അറിയിപ്പു കൊടുക്കണം. അതു നല്ലപോലെ പ്രചരിപ്പിക്കേണ്ടതാണ്. അങ്ങനെയായാൽ ഞങ്ങളുടെ അന്തസ്സ് നിലനിൽക്കുകയും മുസ്‌ലിമീങ്ങൾ പേടിച്ചുവിറച്ച് ബദ്റിലേക്ക് വരാതിരിക്കുകയും ചെയ്യും. നുഅയിം ബിൻ മസ്ഊദ് ചോദിച്ചു: എനിക്കു ഇതിനെന്താണ് പ്രതിഫലം തരിക? അബൂസുഫിയാൻ 20 ഒട്ടകങ്ങൾ നൽകാമെന്ന് പറഞ്ഞപ്പോൾ നുഅയിം ബിൻ മസ്ഊദ് അത് സമ്മതിച്ചുകൊണ്ട് പറഞ്ഞു:"(ആദ്യം) ഈ സമ്മാനം സുഹയ്ൽ ബിൻ അംറിനെ ഏൽപ്പിക്കുക, അതിനു ശേഷം ഞാൻ ഈ ജോലി ചെയ്യുന്നതാണ്.' സുഹയ്ൽ അയാളുടെവലിയ അടുത്ത സുഹൃത്തായിരുന്നു. അയാളുടെ ഉറപ്പിനെ തുടർന്ന് നുഅയിം പോകാൻ തയ്യാറായി. ഈ പദ്ധതി എത്രയും വേഗം നടപ്പിൽ വരുത്തുന്നതിനുവേണ്ടി അയാൾക്ക് ശീഘ്രഗതിയിൽ സഞ്ചരിക്കുന്ന ഒട്ടകത്തെ നൽകുകയും ചെയ്തു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 240, ബസം ഇഖ്ബാൽ ലാഹോർ 2022)(അറ്റ്‌ലസ് സീറത്തെ നബ്‌വി(സ) പേജ് 216, ദാറുസ്സലാം രിയാള് 1424 ഹിജ്റ)(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 337, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993) (ഗസ്‌വാത്തുന്നബിയ്യി(സ),പേജ് 259, സാദിയ പബ്ലിഷേർസ് ലാഹോർ 2018)*

നുഅയിം യാത്രാ ഒരുക്കങ്ങൾ നടത്തി മദീനയിലേക്ക് പുറപ്പെട്ടു. അങ്ങനെ അയാൾ അവിടെ എത്തിയപ്പോൾ മുസ്‌ലിമീങ്ങൾ വളരെ ആവേശഭരിതരായി യുദ്ധത്തിനുള്ള തയ്യാറെടുപ്പിൽ വ്യാപൃതരായിരുന്നു. മുസ്‌ലിമീങ്ങൾ അയാളോടു ചോദിച്ചു: നുഅയിം എവിടെ നിന്നാണ് വരുന്നത്? അയാൾ പറഞ്ഞു: ഞാൻ ഉംറ ചെയ്ത് മക്കയിൽനിന്ന് വരികയാണ്. അവർ പറഞ്ഞു: അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് അബൂസുഫിയാനെ പറ്റി അറിയുമായിരിക്കുമല്ലോ? അയാളുടെ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ എങ്ങനെയുണ്ട്? അയാൾ (നുഅയിം)പറഞ്ഞു: അബൂസുഫിയാൻ വളരെ വലിയ സൈന്യത്തെ ഒരുമിച്ചുകൂട്ടിയിട്ടുണ്ട്. അയാൾ വലിയ അതിശയോക്തി കലർത്തുകയുണ്ടായി. അബൂസുഫിയാൻ വളരെ വമ്പിച്ച സൈന്യവുമായാണ് വരുന്നത്. അതിനെ നേരിടാൻ നിങ്ങളെക്കൊണ്ട് സാധ്യമല്ല. ഞാൻ പറയുന്നത് അനുസരിച്ചുകൊണ്ട് നിങ്ങൾ മദീനയിൽത്തന്നെ തങ്ങുന്നതാണ് നല്ലത്. യുദ്ധത്തിനുവേണ്ടി മദീനയ്ക്ക് പുറത്തുപോകരുത്. അയാൾ വലിയ സൈന്യവുമായിട്ടാണ് വരുന്നത്, ഓടിപ്പോകുന്നവർ മാത്രമേ രക്ഷപ്പെടുകയുള്ളൂ. നിങ്ങളുടെ തലവന്മാർ കൊല്ലപ്പെടുന്നതായിരിക്കും. മുഹമ്മദ്(സ) തിരുമേനിക്കുപോലും അസഹനീയമായി പരിക്കേൽക്കുന്നതായിരിക്കും. നിങ്ങൾ മദീനയിൽനിന്ന് പുറത്തുപോയി മരണത്തിന്റെ വായിൽ അകപ്പെടാൻ ആഗ്രഹിക്കുന്നുണ്ടോ? ഖേദകരമെന്ന് പറയട്ടെ, നിങ്ങൾ വളരെ വലിയ തീരുമാനമാണ് എടുത്തിട്ടുള്ളത്. നിങ്ങളിൽ ആരുംതന്നെ രക്ഷപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. അവരെ ഭയപ്പെടുത്താൻ നിരാശയുണ്ടാക്കുന്ന കാര്യങ്ങൾ അയാൾ പറയാൻ തുടങ്ങി. അയാൾ അവരെ ഭയപ്പെടുത്താൻ വേണ്ടി ചിലപ്പോൾ അബൂസുഫിയാൻ തയ്യാറാക്കിയിട്ടുള്ള സൈന്യത്തിന്റെ അംഗബലത്തെപ്പറ്റിയും ചിലപ്പോൾ ആയുധകൂമ്പാരത്തെ കുറിച്ചും മറ്റുചിലപ്പോൾ ഖുറയ്ശി മൂപ്പന്മാരുടെ ആവേശത്തിന്റെ കഥകളും വേറെചിലപ്പോൾ അവരുടെ യുദ്ധനീക്കങ്ങളുടെ വാഴ്ത്തുപാട്ടുകളും കേൾപ്പിച്ചു കൊണ്ടിരുന്നു. അയാൾ തന്റെ ദൗത്യം വളരെ സമർഥമായി നിറവേറ്റി. അതുകാരണം ഏതാനും ദിവസങ്ങൾക്കകംതന്നെ മദീനയുടെ അന്തരീക്ഷം ഭയത്താൽ വിഷലിപ്തമായി.

നുഅയിം ബിൻ മസ്ഊദിന്റെ നീക്കം ഫലവത്തായി. മുസ്‌ലിമീങ്ങളിലെ ദുർബല വിശ്വാസികൾ അയാളുടെ കിംവദന്തികളിൽ ശരിക്കും വീണു. എത്രത്തോളമെന്നാൽ സംസാരിക്കുന്നവരെല്ലാം നുഅയിം ബിൻ മസ്ഊദിന്റെ വാക്കുകളെ അംഗീകരിച്ചുകൊണ്ടിരുന്നു. എല്ലാ സദസ്സുകളിലും അബൂസുഫിയാന്റെ ഭീകര സൈന്യത്തെയും ഭയാനകമായ ഒരുക്കത്തെയും കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചിരുന്നു. മുസ്‌ലിമീങ്ങളുടെ ഈ അവസ്ഥകണ്ട് യഹൂദികൾക്കും മുനാഫിഖീങ്ങൾക്കും സന്തോഷം അടക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ഇസ്‌ലാമിനെ വിശ്വസിച്ചവർ ഇനി ഭൂമുഖത്ത് അവശേഷിക്കുന്നതല്ലെന്ന് പറഞ്ഞ് അവർ പരസ്പരം ആശംസകൾ നേർന്നു കൊണ്ടിരുന്നു.*(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 7, പേജ്*

**• ഹദീഥുന്നബ്‌വി(സ) •**

'ആര് നമ്മെപ്പോലെ പ്രാർഥിക്കുകയും നമ്മുടെ ഖിബ്‌ലയിലേക്ക് മുഖം തിരിക്കുകയും നാം അറുത്തമൃഗത്തെ ഭക്ഷിക്കുകയും ചെയ്യുന്നുവോ അവൻ മുസ്‌ലിമാകുന്നു.'(ബു. 2:28)

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

'അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല എന്ന അറിവോടുകൂടി മരിക്കുന്ന ഏതൊരുവനും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.' (മുസ്‌ലിം, മിശ്ക്കാത്ത് 1)

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

*91, ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

മദീനയിലെ ഈ അവസ്ഥകൾക്കിടയിൽ ഹദ്റത്ത് അബൂബക്റും(റ) ഹദ്റത്ത് ഉമറും(റ) നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! അല്ലാഹു തന്റെ ദീനിനെ വിജയിപ്പിക്കുകതന്നെ ചെയ്യുന്നതാണ്. തന്റെ നബിക്ക് അന്തസ്സ് നൽകുകയും ചെയ്യും. നമ്മൾ ജനതയോടു വാഗ്ദാനം ചെയ്തിട്ടുള്ളത് ലംഘിക്കുന്നതല്ല. അതായത് നമ്മൾ രണാങ്കണത്തിൽ പോകുന്നില്ലെങ്കിൽ അവിശ്വാസികൾ അത് നമ്മുടെ ഭീരുത്വമായി ഗണിക്കുന്നതാണ്. അങ്ങ് വാഗ്ദാനമനുസരിച്ച് ഞങ്ങളെയും കൊണ്ടുപോകണം. അല്ലാഹുവാണെ സത്യം! അതിൽ നന്മ മാത്രമേ ഉണ്ടാകുകയുള്ളൂ. ഈ വികാര പ്രകടനം കണ്ടപ്പോൾ നബി(സ)തിരുമേനി അത്യധികം സന്തോഷിച്ചു. എന്നിട്ട് പറഞ്ഞു: **വല്ലദീ നഫ്സീ ബിയദിഹീ ല അഖ്റുജന്ന വഇൻ ലം യഖ്റുജ് മഇയ അഹദുൻ** ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം, എന്റെ കൂടെ ആരും വന്നില്ലെങ്കിൽപോലും ഞാൻ(അവരെ നേരിടാൻ)പുറപ്പെടുന്നതായിരിക്കും.

മുസ്ലിമീങ്ങൾ നബി(സ)തിരുമേനിയുടെ ഉറച്ച തീരുമാനവും ധൈര്യവും ആത്മവിശ്വാസവും കണ്ടപ്പോൾ അവരുടെ ഭയാശങ്കകൾ ഇല്ലാതാകുകയും അവർ ആവേശഭരിതരായി തയ്യാറെടുപ്പ് നടത്തുകയും ചെയ്തു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 241-242, ബസം ഇഖ്ബാൽ ലാഹോർ 2022)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)ഗസ്വത്തുൽ മൗയിദയെ പറ്റി എഴുതുന്നു:

“അബൂ സുഫിയാൻ ബിൻ ഹർബ്, ഉഹുദിലെ വിജയവും വലിയ സംഘബലവും ഉണ്ടായിരുന്നിട്ടുകൂടി മാനസികമായി വളരെ ഭയപ്പെട്ടിരുന്നു. അയാൾ ഇസ്ലാമിനെ നാമാവശേഷമാക്കണമെന്ന വാശിയിൽ ആയിരുന്നെങ്കിലും വലിയൊരു സംഘടിതശക്തിയാകുന്നതുവരെയും മുസ്ലിമീങ്ങളെ നേരിടേണ്ടി വരരുതെന്നും ആഗ്രഹിച്ചിരുന്നു. അങ്ങനെ അയാൾ മക്കയിലുള്ളപ്പോൾത്തന്നെ ഒരു ചേരിചേരാ ഗോത്രത്തിലെ നുഅയിം എന്നുപേരുള്ള ഒരാളെ മദീനയിലേക്ക് പറഞ്ഞയക്കുകയുണ്ടായി. മുസ്ലിമീങ്ങളെ ഭയപ്പെടുത്തിയും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടും എങ്ങനെയെങ്കിലും യുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കണമെന്നും ശട്ടംകെട്ടിയിരുന്നു. അയാൾ മദീനയിലെത്തി ഖുറയ്ശികളുടെ തയ്യാറെടുപ്പിനെയും ശക്തിയേയും അവരുടെ ആവേശത്തേയും പറ്റി കള്ളക്കഥകൾ കേൾപ്പിച്ചുകൊണ്ട് മദീനയിൽ ഒരു അസ്വസ്ഥഭരിതമായ അവസ്ഥയുണ്ടാക്കി. എത്രമാത്രമെന്നാൽ ദുർബല പ്രകൃതരായ ആളുകൾ ഈ യുദ്ധത്തിൽ പങ്കെടുക്കുന്ന കാര്യത്തിൽ ഭയപ്പെട്ടു തുടങ്ങി. എന്നാൽ, നബി(സ)തിരുമേനി പുറപ്പെടാൻ ആഹ്വാനം ചെയ്തുകൊണ്ട് തന്റെ പ്രഭാഷണത്തിൽ പറഞ്ഞു: ‘നമ്മൾ സത്യനിഷേധികളുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് പുറപ്പെടുമെന്ന് അന്നുതന്നെ വാഗ്ദാനം ചെയ്തിരുന്നതാണ്. അതിനാൽ അത് നമുക്ക് ലംഘിക്കാൻ സാധ്യമല്ല. എനിക്ക് ഒറ്റയ്ക്കുപോകേണ്ടി വന്നാലും ഞാൻ പോകുന്നതായിരിക്കും. ശത്രുക്കൾക്ക് മുന്നിൽ ഒറ്റയ്ക്ക് നെഞ്ചുവിരിച്ച് നിൽക്കുന്നതായിരിക്കും. ഇതു കേട്ടപ്പോൾ ആളുകളുടെ ഭയം മാറിത്തുടങ്ങുകയും അവർ വലിയ ആവേശത്തോടെയും ആത്മാർഥതയോടെയും പുറപ്പെടാൻ തയ്യാറാകുകയും ചെയ്തു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ)പേജ് 529)*

അങ്ങനെ വീണ്ടും തയ്യാറെടുപ്പ് തുടങ്ങി. ഏതായാലും നബി(സ)തിരുമേനിക്ക് അബൂസുഫിയാന്റെ സൈനിക തയ്യാറെടുപ്പുകളെ സംബന്ധിച്ച് അറിയിപ്പു ലഭിച്ചു. നബി(സ) തിരുമേനി തന്റെ അഭാവത്തിൽ മുനാഫിഖീങ്ങളുടെ തലവനായ ഉബയ്യ് ബിൻ സുലൂലിന്റെ മകനും ആത്മാർഥനും ജീവത്യാഗസന്നദ്ധനും ഉറച്ച മുസ്ലിമുമായ അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെ മദീനയിലെ അമീറായി നിശ്ചയിച്ചു. മറ്റൊരു നിവേദനത്തിൽ അബ്ദുല്ലാഹ് ബിൻ റവാഹയെയാണ് അമീർ ആക്കിയതെന്ന് പറയുന്നുണ്ട്. ഒരുപക്ഷേ, വ്യത്യസ്ത ജോലികൾക്ക് രണ്ടു പേരെയും നിയമിച്ചിട്ടുണ്ടാകാം. അതല്ലെങ്കിൽ അബ്ദുല്ലാഹ് എന്ന പേരിൽ നിവേദകന് സംശയം ഉണ്ടായതായിരിക്കാം. ആരെങ്കിലും അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് എന്നും മറ്റാരെങ്കിലും അബ്ദുല്ലാഹ് ബിൻ റവാഹ എന്നും പറഞ്ഞതായിരിക്കാം. തുടർന്ന് നബി(സ)തിരുമേനി തന്റെ പതാക ഹദ്റത്ത് അലിക്ക് നൽകുകയും 1500 സ്വഹാബാക്കളുമായി ബദ്റിലേക്ക് തിരിക്കുകയും ചെയ്തു. ഈ സൈന്യത്തിൽ 10 കുതിര സവാരിക്കാരുണ്ടായിരുന്നു. ഒരു കുതിര നബി(സ) തിരുമേനിക്കുള്ളതായിരുന്നു. അതുകൂടാതെ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂഖത്താദ, ഹദ്റത്ത് സഅ്ദ് ബിൻ സയ്ദ്, ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ്, ഹദ്റത്ത് ഖബ്ബാബ് ബിൻ മുൻദർ, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹദ്റത്ത് ഉബാദ് ബിൻ ബിശ്ർ(റളിയല്ലാഹു അൻഹും) എന്നിവരുടെ പക്കലും കുതിരയുണ്ടായിരുന്നു. മുസ്ലിമീങ്ങൾ തങ്ങളുടെ കച്ചവടച്ചരക്കുകളുമായി ബദ്റിലേക്ക് പുറപ്പെട്ടു. ദുൽഖഅ്ദ് (മാസത്തിന്റെ) ചന്ദ്രനുദിച്ചപ്പോൾ മുസ്ലിമീങ്ങൾ ബദ്ർ മൈതാനത്ത് എത്തിയിരുന്നു. മുസ്ലിമീങ്ങൾ അബൂസുഫിയാനുമായി യുദ്ധത്തിനാണ് പോകുന്നതെങ്കിലും കച്ചവടച്ചരക്കുകളുമായി ഇറങ്ങിയത് അവരുടെ ദൃഢനിശ്ചയവും ധൈര്യവും ദൃഢബോധ്യവുമാണ് വെളിപ്പെടുത്തുന്നത്. ഒരുപക്ഷേ, നബി(സ)തിരുമേനിയുടെ തന്നെ നിർദ്ദേശപ്രകാരമായിരിക്കും അവർ കച്ചവടച്ചരക്കുകളുമായി പുറപ്പെട്ടത്. ഒന്നുകിൽ അബൂസുഫിയാൻ യുദ്ധത്തിന് വരുന്നതല്ല, ഇനി വന്നാൽത്തന്നെ വളരെ ദയനീയമായി പരാജയപ്പെട്ടു പിന്തിരിഞ്ഞു ഓടുന്നതായിരിക്കും. ഈ ദിവസങ്ങളിൽ അവിടെ മേള നടക്കുന്നതുകൊണ്ട് മുസ്ലിമീങ്ങൾക്ക് അവിടെ കച്ചവടം നടത്തി ലാഭമുണ്ടാക്കാനും കഴിയും. പിന്നീട് വാസ്തവത്തിൽ സംഭവിച്ചതും അതുതന്നെയാണ്. നബി(സ) തിരുമേനി വാഗ്ദാനമനുസരിച്ച് ബദ്റിൽ അബൂസുഫിയാനെ പ്രതീക്ഷിച്ചു കാത്തിരിക്കുമ്പോൾ മഖ്ശീ ബിൻ അംറ് ളംരീ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. ഇയാൾ ളംരീ ഗോത്രത്തലവനായിരുന്നു. ഹിജ്റ രണ്ടാംവർഷം ഈ ഗോത്രക്കാരുമായി മുസ്ലിമീങ്ങളുടെ ഒരു ഉടമ്പടിയുണ്ടായിരുന്നു. അതായത് നബി(സ) തിരുമേനി ബനൂ ളംറയെ ആക്രമിക്കുകയില്ല. ബനൂ ളംറ നബി(സ)തിരുമേനിക്കെതിരിൽ എന്തെങ്കിലും നീക്കം നടത്തുകയോ ഏതെങ്കിലും നീക്കത്തിൽ ഭാഗഭാക്കാകുകയോ നബി(സ)തിരുമേനിയുടെ ശത്രുക്കളെ സഹായിക്കുകയോ ചെയ്യുന്നതല്ല. അയാൾ വന്നുപറഞ്ഞു: ‘അല്ലയോ മുഹമ്മദേ!(സ) അങ്ങ് ഈ അരുവിയിൽ ഖുറയ്ശികളുമായി യുദ്ധം ചെയ്യാനാണോ വന്നിട്ടുള്ളത്? അയാളുടെ സംസാരത്തിൽ നിന്ന് അയാൾ ഖുറയ്ശികളിലേക്ക് ചായ്വുള്ള ആളാണെന്ന് നബി(സ)തിരുമേനിക്ക് ബോധ്യമായി. നബി(സ)തിരുമേനി പറഞ്ഞു: ‘അതെ, അല്ലയോ ബനൂ ളംറയിലെ സഹോദരാ! നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ നമുക്കിടയിലുള്ള രഞ്ജിപ്പിന്റെ ഉടമ്പടി അവസാനിപ്പിക്കാം. പിന്നെ അല്ലാഹു ഒരു തീരുമാനം ഉണ്ടാക്കുന്നതിന് ഞങ്ങൾ നിങ്ങളുമായി യുദ്ധം ചെയ്യാം. മഖ്ശീ പറഞ്ഞു: ‘അല്ലയോ മുഹമ്മദേ!(സ). ഞങ്ങൾക്ക് നിങ്ങളുമായി യുദ്ധം ചെയ്യേണ്ട ഒരു ആവശ്യവുമില്ല.’*(സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 374, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)(അറ്റ്ലസ് സീറത്തെ നബ് വി, പേജ് 202, ദാറുസ്സലാം രിയാള് 1424 ഹിജ്രി)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 242-244, ബസം ഇഖ്ബാൽ ലാഹോർ 2022)(അസ്സീറത്തുന്നബ്വിയ്യ ലിബ്നി ഹിശാം, പേജ് 618, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)*

ഈ കൂടിക്കാഴ്ചയിൽ നബി(സ)തിരുമേനി യുക്തിഭദ്രമായി ധൈര്യപൂർവം ഈ ഗോത്രക്കാരോടു നിങ്ങളുമായി ചെയ്തിട്ടുള്ള യുദ്ധരഹിത ഉടമ്പടി എന്തെങ്കിലും ധൈര്യക്കുറവുകൊണ്ടോ ദൗർബല്യം കാരണമോ അല്ലെന്ന് വ്യക്തമാക്കി കൊടുക്കുകയുണ്ടായി. മാത്രമല്ല ഉഹുദ്യുദ്ധത്തിനുശേഷം മുസ്ലിമീങ്ങൾ ദുർബലരാണെന്ന് കരുതി ആക്രമണത്തിന് കോപ്പുകൂട്ടുന്ന പല ഗോത്രക്കാർക്കുമേലും നബി(സ)തിരുമേനി വളരെ യുക്തിപൂർവം വിജയപ്രദമായി മുസ്ലിമീങ്ങളുടെ ശക്തിയുടെയും ധൈര്യത്തിന്റെയും പ്രഭാവം സ്ഥാപിക്കുകയും ചെയ്തു. *(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം, പേജ്97, ദാറുസ്സലാം രിയാള് 1435 ഹിജ്രി)*

മുസ്ലിമീങ്ങൾ തങ്ങളുടെ വാഗ്ദാനമനുസരിച്ച് ബദ്ർ മൈതാനത്ത് എത്തിയിരുന്നു. മറുഭാഗത്ത് അബൂസുഫിയാൻ ഖുറയ്ശി മൂപ്പന്മാരോടു പറഞ്ഞു: ‘നമ്മൾ നുഅയിം ബിൻ മസ്ഊദിനെ അയച്ചിട്ടുണ്ട്. അയാൾ മുസ്ലിമീങ്ങൾ യാത്ര പുറപ്പെടുന്നതിനുമുമ്പേ അവർക്ക് ധൈര്യക്ഷയം വരുത്തുന്നതായിരിക്കും. അതിന്

അയാൾ നല്ലപോലെ ശ്രമിക്കുന്നുണ്ട്. എങ്കിലും നമ്മൾ ഒന്നോ രണ്ടോ രാത്രികൾ അവിടെ പോയി തിരിച്ചു വരുന്നതായിരിക്കും. മുഹമ്മദ്(സ)വന്നില്ലെങ്കിൽ നമ്മൾ പറയും, ഞങ്ങൾ പോയെങ്കിലും മുഹമ്മദും(സ)കൂട്ടരും വരികയുണ്ടായില്ലെന്ന്. അങ്ങനെ അതു നമ്മുടെ വിജയമായി ഗണിക്കപ്പെടും. ഇനി പുറപ്പെട്ടെങ്കിൽ ഇപ്പോൾ ക്ഷാമകാലമാണെന്നും ഞങ്ങൾ സമൃദ്ധിയുടെ കാലത്ത് വരാമെന്നും പറഞ്ഞ് നമ്മൾ വഴിയിൽവച്ചുതന്നെ തിരിച്ചു വരുന്നതുമാണ്.' ഖുറയ്ശികൾ പറഞ്ഞു: 'ഇതു നല്ല അഭിപ്രായമാണ്.' അങ്ങനെ സത്യനിഷേധികളുടെ സൈന്യം അബൂസുഫിയാന്റെ നേതൃത്വത്തിൽ മക്കയിൽ നിന്ന് പുറപ്പെട്ടു. അവരുടെ അംഗബലം 2000 ആയിരുന്നു. അതിൽ 50 കുതിരകളുണ്ടായിരുന്നു. ഈ സൈന്യം മർറുള്ളഹ്റാൻ താഴ്‌വരയിൽ മജന്ന എന്നു പേരുള്ള അരുവിക്കടുത്ത് തമ്പടിച്ചു. മർറുള്ളഹ്റാൻ മക്കയിൽ നിന്ന് 22 കിലോമീറ്റർ വടക്കാണ്. ക്ഷാമകാലംകൊണ്ട് ഖുറയ്ശികളുടെ സാമ്പത്തിക സ്ഥിതി ശരിക്കും മോശമായിരുന്നു. അവരുടെ വരുമാന മാർഗവും കുറഞ്ഞിരുന്നു. അതുകൊണ്ട് അവർക്ക് നിശ്ചിത സമയത്തും സ്ഥലത്തും അതായത് ബദ്റിലെത്താൻ ധൈര്യം വരുന്നുണ്ടായിരുന്നില്ല. പക്ഷേ, നാണക്കേടാകുമോ എന്ന ഭയംകൊണ്ട് സൈന്യം പുറപ്പെട്ടു. അവരുടെ സൈന്യാധിപൻ മക്കയിൽവച്ചു തന്നെ അസ്വസ്ഥനും നിരാശനുമായിരുന്നു. മുസ്‌ലിമീങ്ങളുമായി ഉണ്ടാകുന്ന യുദ്ധം എന്താകുമെന്ന ആധിയിലുമായിരുന്നു. അതിന്റെ ഭയം കാരണം അയാൾ വിറകൊള്ളുന്നുണ്ടായിരുന്നു. മർറുള്ളഹ്റാനിലെത്തിയപ്പോഴേക്കും അയാളുടെ ധൈര്യമെല്ലാം ചോർന്നുപോയി. അയാൾ തിരിച്ചു പോകുന്നതിനുള്ള ഉപായങ്ങൾ അന്വേഷിച്ചു തുടങ്ങി. അവസാനം തിരിച്ചു പോകുകയാണെന്ന് അയാൾ തന്റെ സൈന്യത്തിനിടയിൽ വിളംബരം ചെയ്യാനും കാരണങ്ങൾ വിശദീകരിക്കാനും എഴുന്നേറ്റുനിന്നു. അയാൾ പറഞ്ഞു: 'അല്ലയോ ഖുറയ്ശികളേ! സമൃദ്ധിയുടെയും പച്ചപ്പിന്റെയും കാലമാണ് നിങ്ങൾക്ക് യുദ്ധത്തിന് അനുയോജ്യമായ കാലം. അങ്ങനെയായാൽ നിങ്ങൾക്ക് മൃഗങ്ങളെ മേയ്ക്കാനും അവയുടെ പാൽ കുടിക്കാനും കഴിയുന്നതാണ്. ഇപ്പോൾ ക്ഷാമകാലമാണ്. അതുകൊണ്ട് ഞാൻ തിരിച്ചു പോകുകയാണ്. നിങ്ങളും തിരിച്ചു പോരുക. അബൂസുഫിയാന്റെ ഈ തീരുമാനത്തെ എതിർക്കാതെ എല്ലാവരും തിരിച്ചു പോകാൻ തയ്യാറായി. ആരുംതന്നെ യാത്ര തുടരാനോ മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്യാനോ അഭിപ്രായപ്പെട്ടില്ല. ഈ സൈന്യത്തിലാകമാനം മുസ്‌ലിമീങ്ങളോടുള്ള ഭയം പരന്നിരുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 95-96, ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

നബി(സ)തിരുമേനി വാഗ്ദാനമനുസരിച്ച് അബൂസുഫിയാനെയും പ്രതീക്ഷിച്ച് ബദ്റിൽ 8 ദിവസം തങ്ങിയശേഷം മദീനയിലേക്ക് തിരിച്ചുവന്നു. നബി(സ)തിരുമേനി ഈ ഗസ്‌വയുമായി ബന്ധപ്പെട്ട് മൊത്തം 16 രാത്രികളാണ് മദീനക്ക് പുറത്ത് കഴിച്ചുകൂട്ടിയത്. പോരാട്ടത്തിനു വരാൻ ശത്രു ധൈര്യപ്പെട്ടില്ല. അവർ നല്ലപോലെ ഇളിഭ്യരായി. മുസ്‌ലിമീങ്ങളുടെ ധൈര്യം വർധിക്കുകയും ചെയ്തു. ഈ പ്രദേശത്തുള്ള ചില തദ്ദേശ സത്യനിഷേധികൾ മക്കാ ഖുറയ്ശികളോടു ചായ്‌വുള്ളവരായിരുന്നു. നബി(സ)തിരുമേനി വളരെ ധൈര്യപൂർവം അവർക്കുമേൽ തന്റെ ദൃഢനിശ്ചയം വെളിപ്പെടുത്തിയപ്പോൾ അവരും പത്തിമടക്കി. ബദ്റിലെ ചില കച്ചവടക്കാർ തിരക്കൊഴിഞ്ഞപ്പോൾ മക്കയിൽപോയി അബൂസുഫിയാനോടു മുസ്‌ലിമീങ്ങളുടെ സംഘടിതശക്തിയെപ്പറ്റി വളരെ വിശദമായി ബോധ്യപ്പെടുത്തി. അബൂസുഫിയാനും അയാളുടെ കൂട്ടുകാരും തങ്ങളുടെ ധൈര്യക്ഷയത്തിലും വാഗ്ദാന ലംഘനത്തിലും വളരെയേറെ ലജ്ജിതരായിരുന്നു. ഈ ഗസ്‌വയിൽ യുദ്ധമുണ്ടായില്ലെങ്കിൽപോലും മുസ്‌ലിമീങ്ങളുടെ അന്തസ്സും ആത്മവിശ്വാസവും നിലനിൽക്കുകയുണ്ടായി. ശത്രുവിന്റെ ഭയം നല്ലപോലെ വർധിക്കുകയും ചെയ്തു.*(കിതാബുൽമഗാസി വാഖ്ദി, വാള്യം 1, പേജ് 324, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2004) (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 248, ബസ്മ ഇഖ്ബാൽ ലാഹോർ 2022)*

ഇതു സംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. എഴുതുന്നു: 'നബി(സ) തിരുമേനി 1500 സ്വഹാബാക്കളുമായി മദീനയിൽനിന്ന് പുറപ്പെട്ടു. മറുഭാഗത്ത് അബൂസുഫിയാൻ തന്റെ 2000 സൈനികരുമായി മക്കയിൽനിന്നും പുറപ്പെട്ടു. മുസ്‌ലിമീങ്ങൾ തങ്ങളുടെ വാഗ്ദാനമനുസരിച്ച് ബദ്റിലെ ത്തിയെങ്കിലും ദൈവിക ഇടപെടൽ കാരണം ഖുറയ്ശികളുടെ സൈന്യം കുറച്ചുദൂരം വന്ന് മക്കയിലേക്ക് തിരിച്ചു പോകുകയാണുണ്ടായത്. അതിന്റെ കഥയെന്തെന്നാൽ, അബൂസുഫിയാന്, നുഅയിം എന്നയാളെ പറ്റി അറിഞ്ഞപ്പോൾ ഉള്ളിൽ ഭയമായി. ഈ വർഷം കൊടുംക്ഷാമമാണെന്നും ആളുകൾ ഞെരുക്കത്തിലാണെന്നും ഈ സമയത്ത് യുദ്ധം ചെയ്യുന്നത് ഉചിതമല്ലെന്നും സമൃദ്ധി ഉണ്ടാകുമ്പോൾ കുറേക്കൂടി തയ്യാറെടുപ്പുമായി വന്ന് മദീനയെ ആക്രമിക്കാമെന്നും പറഞ്ഞ് തന്റെ സൈന്യത്തെ വഴിയിൽ വെച്ചുതന്നെ തിരിച്ചു കൊണ്ടുപോയി. ഇസ്‌ലാമിക സൈന്യം 8 ദിവസംവരെ ബദ്റിൽ തങ്ങി. അവിടെ ദുൽഖഅ്ദ് മാസം ആരംഭത്തിൽ എല്ലാ വർഷവും മേള നടക്കാറുണ്ടായിരുന്നു. അതിനാൽ ഈ ദിവസങ്ങളിൽ നിരവധി സ്വഹാബാക്കൾ മേളയിൽ കച്ചവടം നടത്തി നല്ല ലാഭമുണ്ടാക്കുകയും ചെയ്തു. അവർ 8 ദിവസം കൊണ്ട് തങ്ങളുടെ മൂലധനം ഇരട്ടിയായി വർധിപ്പിച്ചു. അങ്ങനെ മേള സമാപിക്കുകയും ഖുറയ്ശി സൈന്യം വരാതിരിക്കുകയും ചെയ്തപ്പോൾ നബി(സ) തിരുമേനി ബദ്റിൽ നിന്ന് മദീനയിലേക്ക് തിരിച്ചുപോയി. ഖുറയ്ശികൾ മക്കയിൽ തിരിച്ചെത്തി മദീനയെ ആക്രമിക്കാനുള്ള തയ്യാറെടുപ്പ് ആരംഭിക്കുകയും ചെയ്തു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ.(റ)പേജ് 529-530)*

ഖുറയ്ശികൾ തിരിച്ചെത്തി തങ്ങളുടെ നാണക്കേട് മറച്ചുവെക്കാനും മുസ്‌ലിമീങ്ങൾക്ക് നഷ്ടം വരുത്താനും വീണ്ടും യുദ്ധത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ഏതായാലും ഇതായിരുന്നു ഈ ഗസ്‌വയുടെ പര്യവസാനം.

രണ്ടാമത്തെ ഗസ്‌വ ദൂമത്തുൽ ജൻദൽ ആകുന്നു. ഇത് ഹിജ്റ അഞ്ചാം വർഷം റബീഉൽ അവ്വൽ മാസമാണ് നടന്നത്. ദൂമത്തുൽ ജൻദൽ മദീനയിൽനിന്ന് ഏകദേശം 450 കിലോമീറ്റർ ദൂരെയാണ്. പുരാതന കാലത്ത് ഇവിടെ എത്താൻ പതിനഞ്ചോ പതിനേഴോ ദിവസത്തെ യാത്ര വേണ്ടിയിരുന്നു. ഇത് മദീനക്ക് വടക്ക് ശാമിലെ അതിർത്തിക്ക് തൊട്ടടുത്ത പ്രദേശമാകുന്നു. ഇവിടെ ബനൂഖുളാഅ ഗോത്രത്തിന്റെ ശാഖയായ ബനൂകൽബിലെ ജനങ്ങൾ വസിച്ചിരുന്നു. ഇവിടെ ബനൂകൽബിന്റെ നേതൃത്വത്തിൽ വളരെ വലിയ വാണിജ്യമേള നടന്നിരുന്നു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 249, ബസ്മ ഇഖ്ബാൽ ലാഹോർ 2022)*

ദൂമത്തുൽ ജൻദൽ എന്ന് പേരു വരാനുണ്ടായ കാരണമെന്തായിരുന്നു? അവിടെ ഒരു പ്രത്യേകതരം കല്ലുകൊണ്ട് ഒരു കോട്ട ഉണ്ടാക്കിയിരുന്നു. വെള്ളപ്പൊക്കത്തിന്റെ ഒഴുക്ക് കാരണം ഉരുളൻ കല്ലുകൾ പ്രത്യേക അളവിൽ ഒരുമിച്ചു കൂടുന്ന സ്ഥലത്തിനും ദൂമത്ത് എന്ന് പറയാറുണ്ട്. ഈ സ്ഥലത്തിന് ദൂമത്ത് എന്ന് പറയാനുള്ള മറ്റൊരു കാരണം ഹദ്റത്ത് ഇസ്മായീലിന്റെ(അ)രണ്ടു മക്കളായ ദൂമത്ത് അല്ലെങ്കിൽ ദൂമാനിനെ ചേർത്തു കൊണ്ടാകാനും സാദ്ധ്യതയുണ്ട്. ഏതായാ

• ഹദീഥുന്നബ്‌വി(സ) •

'സ്വപിതാവിനെക്കാളും സ്വപുത്രനെക്കാളും സകലമനുഷ്യരെക്കാളും കൂടുതലായി ഞാൻ സനേഹിക്കപ്പെടാത്തിടത്തോളം നിങ്ങളിലൊരാൾക്കും വിശ്വാസമില്ല.' (ബു. 2:7)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

'തനിക്കുവേണ്ടിത്തന്നെ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടാത്ത പക്ഷം നിങ്ങളിലാരും വിശ്വാസിയാകുന്നില്ല'
(ബു. 2:6)

ത്വാലിബെ ദുആ
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ലും ഇതാണ് ഈ പേരിനുള്ള കാരണം. ഈ ഗസ്‌വയുടെ തിയ്യതിയെയും സൈനിക ബലത്തെയും കുറിച്ച് എഴുതിയിരിക്കുന്നു: ഈ ഗസ്‌വ എല്ലാ ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും പറയുന്നത് ഹിജ്റ 5 റബീഉൽ അവ്വൽ 25-ന് നടന്നുവെന്നാണ്. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 7, പേജ് 249-250, ബസ്മ് ഇഖ്ബാൽ ലാഹോർ 2022)*

ഇതിന്റെ കാരണമെന്താണ്? ഇതിനെക്കുറിച്ചെഴുതിയിരിക്കുന്നു: ഇതുവരെ ശത്രുക്കളുമായുണ്ടായ എല്ലാ യുദ്ധങ്ങളും ഏറെക്കുറെ മദീനയുടേയും ഹിജാസിന്റേയും പ്രദേശംവരെ മാത്രം പരിമിതമായിരുന്നു. എന്നാൽ, ഇത് മദീനയിൽനിന്ന് ഏകദേശം 15 ദിവസത്തെ യാത്രാ ദൂരമുള്ള റോമൻ സാമ്രാജ്യത്തിന്റെ സംസ്ഥാനമായ ശാമിന്റെ അതിർത്തിക്ക് സമീപം നടക്കാൻ പോകുന്ന ആദ്യത്തെ യുദ്ധമായിരുന്നു. ഇതിന്റെ പശ്ചാത്തലം ഇപ്രകാരമാകുന്നു: മുസ്‌ലിമീങ്ങളുമായി തുടരെത്തുടരെ പരാജയപ്പെടുന്നതും മുസ്‌ലിമീങ്ങളുടെ വർധിച്ചുവരുന്ന മേൽക്കോയ്മയും മനസ്സിലാക്കിക്കൊണ്ട് ദീനിന്റെ ശത്രുക്കൾ ഇസ്‌ലാമിനെയും മുസ്‌ലിമീങ്ങളെയും വേരോടെ പിഴുതെറിയാൻ അവസരം കാത്ത് കഴിയുകയായിരുന്നു. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി മദീനയുടെ ഏറ്റവും വടക്കെ അറ്റത്ത് ശാമിലെ അതിർത്തിയുമായി ചേർന്ന കിടക്കുന്ന ദൂമത്തുൽ ജൻദലിന്റെ പ്രാന്തപ്രദേശങ്ങളിൽ കഴിയുന്ന ഗോത്രങ്ങൾ ഇസ്‌ലാമിക ഭരണകൂടത്തെ വെല്ലുവിളിച്ചുകൊണ്ട് ഒരു വലിയ സൈന്യത്തെ തയ്യാറാക്കാൻ തുടങ്ങി. തങ്ങൾ ആക്രമിക്കുന്നതാണെന്ന് അവർ വെല്ലുവിളി ഉയർത്തി. ഇവർ കച്ചവട സംഘങ്ങളെ കൊള്ളയടിച്ചുകൊണ്ട് വെല്ലുവിളിക്കുക മാത്രമല്ല കലാപവും ആരംഭിച്ചിട്ടുണ്ടായിരുന്നു. കൈയിൽ കിട്ടുന്ന മുസ്‌ലിമീങ്ങളെ ദ്രോഹിക്കുകയും ചെയ്തിരുന്നു. നബി(സ)തിരുമേനിക്ക് ദൂമത്തുൽ ജൻദലിലെ ഈ ഗോത്രങ്ങളുടെ എല്ലാ നീക്കങ്ങളെ പറ്റിയും അറിയിച്ചു കൊടുത്തപ്പോൾദൂമത്തുൽജൻദലിലെഗോത്രങ്ങൾ വലിയ സൈന്യത്തെ തയ്യാറാക്കി മദീനയെ ആക്രമിക്കുന്നതിനുമുമ്പേ അവരുടെ പ്രദേശത്തുപോയി അവരെ മദീനക്കുമേൽ സൈനിക നീക്കത്തിൽനിന്ന് തടയാനും കച്ചവട സംഘങ്ങൾക്ക് സമാധാന പൂർവമെത്താൻ കഴിയുന്നതിനും അവരെ ഛിന്നഭിന്നമാക്കുകയാണ് ഉചിതമെന്ന് നബി(സ)തിരുമേനി തീരുമാനിച്ചു. *(ഗസ്‌വാത്ത് വ സറായാ പേജ് 244-245, ഫരീദിയ പബ്ലീഷേർസ് സാഹിവാൽ 2018)*

ഇതിന്റെ തയ്യാറെടുപ്പുകളെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: നബി(സ) തിരുമേനി സൈന്യത്തെ തയ്യാറാക്കി പുറപ്പെടാൻ ആളുകൾക്ക് കൽപ്പന നൽകി. മദീനയിൽ ഹദ്റത്ത് സിബാഅ് ബിൻ ഉർഫുത്വഃ ഗിഫ്ഫാരിയെ തന്റെ പ്രതിനിധിയായി നിയമിക്കുകയും ചെയ്തു. നബി(സ)തിരുമേനി 1000 സ്വഹാബാക്കളുടെ സൈന്യവുമായാണ് പുറപ്പെട്ടത്. നബി(സ)തിരുമേനി രാത്രി യാത്ര ചെയ്യുകയും പകൽ ഒളിഞ്ഞിരിക്കുകയും ചെയ്യുമായിരുന്നു. ബനൂഉസ്റഹിലെ ഒരാൾ വഴികാണിക്കാൻ കൂടെ ഉണ്ടായിരുന്നു. അയാളുടെ പേര് മദ്കൂർ എന്നായിരുന്നു. അയാൾ നല്ല പ്രാവീണ്യമുള്ള വഴികാട്ടിയായിരുന്നു. ശത്രുക്കൾക്ക് മനസ്സിലാകാതിരിക്കുന്നതിനുവേണ്ടി അയാൾ വളരെ വേഗം നീങ്ങുകയും പതിവായിപ്പോകുന്ന വഴി ഒഴിവാക്കുകയും ചെയ്തിരുന്നു. നബി(സ)തിരുമേനി ദൂമത്തുൽ ജൻദലിനു അടുത്തെത്തിയപ്പോൾ വഴികാട്ടി പറഞ്ഞു: ഇതു ബനൂ തമീമിന്റെ മേച്ചിൽസ്ഥലമാണ്. ഇവിടെ അവരുടെ ഒട്ടകങ്ങളും വളർത്തു മൃഗങ്ങളുമാണുള്ളത്. അങ്ങ് ഇവിടെ നിന്നാലും. ഞാൻ കാര്യങ്ങൾ അറിഞ്ഞിട്ടു വരാം. നബി(സ)തിരുമേനി പറഞ്ഞു: ശരി. അങ്ങനെ ഉസ്രീ ഒറ്റക്ക് കാര്യങ്ങൾ അന്വേഷിച്ചറിയാൻ പോയി. അവിടെ നാൽക്കാലികളുടെയും ആടുകളുടെയും അടയാളങ്ങൾ കണ്ടിരുന്നു. അവർ തങ്ങളുടെ അഭയ കേന്ദ്രങ്ങളിൽ ഒളിഞ്ഞിരിക്കുകയായിരുന്നു. തുടർന്ന് അയാൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തി താൻ അവരുടെ സ്ഥലങ്ങൾ തിരിച്ചറിഞ്ഞുവെന്ന് അറിയിച്ചു. നബി(സ)തിരുമേനി അവിടെനിന്ന് പുറപ്പെടുകയും അവരുടെ മൃഗങ്ങളെയും നാൽക്കാലികളെയും ആക്രമിക്കുകയും ചെയ്തു. അതിൽ പലതിനേയും പിടികൂടി. ബാക്കിയുള്ളവ ഓടിപ്പോയി. അവിടെ യുദ്ധം ചെയ്യാൻ തയ്യാറായി ഒളിഞ്ഞിരുന്ന ദൂമത്തുൽ ജൻദൽകാർ ചിതറിപ്പിരിഞ്ഞുപോയി. നബി(സ)തിരുമേനി അവരുടെ മൈതാനത്ത് തമ്പടിച്ചു. നബി(സ)തിരുമേനി അവിടെ ഏതാനും ദിവസം താമസിച്ചു. വിവിധ ഗോത്രങ്ങൾ ചുറ്റുപാടും കൂടി. ഇസ്‌ലാമിക സൈനികസംഘം സുരക്ഷിതമായി നബി(സ)തിരുമേനിയുടെ അടുക്കൽ തിരിച്ചെത്തി. എല്ലാ സംഘങ്ങളും കുറച്ച് ഒട്ടകങ്ങളേയുമായാണ് വന്നത്. പക്ഷേ, അവർക്ക് ആളുകളെ ആരെയും കിട്ടിയില്ല. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ മാത്രം ഒരാളെ ബന്ദിയാക്കി നബി(സ)തിരുമേനിയുടെ അടുത്ത് കൊണ്ടുവന്നു. നബി(സ)തിരുമേനി അയാളോടു അയാളുടെ കൂട്ടുകാരെ സംബന്ധിച്ച് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: 'കഴിഞ്ഞ രാത്രി അങ്ങ് അവരുടെ മൃഗങ്ങളെ പിടികൂടിയെന്ന് അറിഞ്ഞപ്പോൾ അവർ ഓടിപ്പോയി.' നബി(സ)തിരുമേനി അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ അയാൾ മുസ്‌ലിമായി. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 342 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 138-140, ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. ഇതു സംബന്ധമായി അതായത് ദൂമത്തുൽ ജൻദൽ ഗസ്‌വയെപ്പറ്റി എഴുതുന്നു:

“ദൂമത്തുൽ ജൻദൽ ശാമിന്റെ അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. മദീനയിൽനിന്ന് ഇവിടേക്കുള്ള ദൂരം 15/16 ദിവസത്തെ യാത്രാ ദൈർഘ്യത്തെക്കാൾ കുറവായിരുന്നില്ല. ഈ ഗസ്‌വയ്ക്കുള്ള കാരണമെന്തെന്നാൽ, നബി(സ)തിരുമേനി ദൂമത്തുൽ ജൻദലിൽ ആളുകൾ ഒരുമിച്ചുകൂടി കൊള്ളയടിക്കുന്നുവെന്ന് അറിയാനിടയായി. അതായത് അതിലൂടെ കടന്നുപോകുന്ന യാത്രക്കാരെയും സംഘങ്ങളെയും മറ്റും ആക്രമിച്ച് അവരെ ദ്രോഹിക്കുകയും അവരുടെ സമ്പത്ത് കൊള്ളയടിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം ഇവർ മദീനയിലേക്ക് തിരിഞ്ഞ് മുസ്‌ലിമീങ്ങൾക്ക് പ്രയാസത്തിനു കാരണമാകുമോ എന്ന ആശങ്കയുമുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ യുദ്ധ നീക്കങ്ങളുടെയെല്ലാം യഥാർഥ ലക്ഷ്യം സമാധാനം സ്ഥാപിക്കുകയായിരുന്നു. പ്രത്യക്ഷത്തിൽ ഇവരുടെ കൊള്ളയടി കാരണം ബാഹ്യമായി കൂടുതൽ ആശങ്കയ്ക്ക് വകയൊന്നും ഇല്ലാതിരുന്നിട്ടും നബി(സ)തിരുമേനി സ്വഹാബാക്കളോടു ഈ കൊള്ളയുടെയും അക്രമത്തിന്റെയും ശൃംഖല തടയാൻ അവിടെ പോകണമെന്ന് ആഹ്വാനം ചെയ്തു. അങ്ങനെ നബി(സ)തിരുമേനിയുടെ ആഹ്വാന പ്രകാരം 1000 സ്വഹാബാക്കൾ ഈ വിദൂരപ്രദേശത്തേക്കുള്ള പ്രയാസഭരിതമായ യാത്രയിൽ നബി(സ)തിരുമേനിയുടെ കൂടെ കൂടി. നബി(സ)തിരുമേനി ഹിജ്റ അഞ്ചാം വർഷം റബീഉൽ അവ്വൽ മാസം മദീനയിൽനിന്ന് പുറപ്പെട്ടു. 15/16 ദിവസത്തെ നീണ്ട പ്രയാസം നിറഞ്ഞ ദൂരം താണ്ടി ദൂമത്തുൽ ജൻദലിന് സമീപമെത്തി. അവിടെ എത്തിയപ്പോഴാണ് മുസ്‌ലിമീങ്ങൾ വരുന്നുണ്ടെന്ന് മനസ്സിലാക്കി അവർ പലഭാഗത്തേക്കും ചിതറിപ്പിരിഞ്ഞിരിക്കുകയാണെന്ന് അറിഞ്ഞത്. ഏതായാലും നബി(സ)തിരുമേനി അവിടെ ഏതാനും ദിവസം തങ്ങി. കുഴപ്പക്കാരെ കണ്ടെത്താൻ നബി(സ)തിരുമേനി ചെറിയ ചെറിയ സംഘങ്ങളെ പറഞ്ഞയക്കുകയും ചെയ്തു. പക്ഷേ, അവരെപ്പറ്റി ഒന്നും അറിയാൻ കഴിയാത്ത വിധം അവർ അവിടെനിന്ന് അപ്ര

**• ഹദീഥുന്നബ്‌വി(സ) •**

'മതം എളുപ്പമാണ്. മതത്തിൽ വളരെ കൂടുതൽ അധ്വാനിക്കുന്നെങ്കിൽ ഒരുവനേയും അത് ക്ഷീണിപ്പിക്കാതിരിക്കുന്നില്ല.'
(ബു. 2:29)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി(സ) •**

'നിങ്ങൾക്കു ചെയ്യുവാൻ കഴിവുള്ളതുമാത്രമെ നിങ്ങൾക്കു നിർബന്ധമായുള്ളൂ. അല്ലാഹുവാണെ സത്യം! അല്ലാഹു ക്ഷീണിക്കുന്നവനല്ല; പക്ഷേ, നിങ്ങൾ ക്ഷണിക്കുന്നു. ഒരുവൻ നിഷ്ഠയോടെ ചെയ്യുന്ന സ്ഥിതിയാണ് അവനേറ്റവും ഇഷ്ടമായത്.' (ബു. 2:31)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ത്യക്ഷരായി കഴിഞ്ഞിരുന്നു. അതേസമയം അവരുടെ ഒരു ആട്ടിടയൻ മുസ്‌ലിമീങ്ങളുടെ കൈയിൽ ബന്ദിയാക്കപ്പെട്ട് നബി(സ)തിരുമേനിയുടെ തബ്‌ലീഗിന്റെ ഫലമായി മുസ്‌ലിമായി. നബി(സ)തിരുമേനി ഏതാനും ദിവസങ്ങൾ അവിടെ തങ്ങിയതിനു ശേഷം മദീനയിലേക്ക് തിരിച്ചു വരികയും ചെയ്തു.” *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് എം.എ.(റ) പേജ് 540-541)*

ദൂമത്തുൽ ജൻദലിൽനിന്ന് തിരിച്ചു വരുന്നതിനെ സംബന്ധിച്ച് എഴുതുന്നു: നബി(സ)തിരുമേനി ഏകദേശം 3 ദിവസത്തെ താമസത്തിനുശേഷം മുഴുവൻ സൈന്യത്തെയും കൂട്ടി മദീനയിലേക്ക് പുറപ്പെട്ടു. റബീഉൽ ആഖർ 20-നു മദീനയിൽ തിരിച്ചെത്തി. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 251, ബസം ഇഖ്ബാൽ ലാഹോർ 2022) (സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 342 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)*

ഒരു ഗ്രന്ഥകാരൻ ദൂമത്തുൽ ജൻദൽ ഗസ്‌വയുടെ ഉദ്ദേശ്യത്തെ സംബന്ധിച്ച് എഴുതുന്നു: നബി(സ)തിരുമേനിക്കു മുമ്പിൽ ഈ ഗസ്‌വയുടെ നിരവധി ഉദ്ദേശ്യങ്ങളുണ്ടായിരുന്നു. ഇത് ഒരു യുദ്ധമല്ലായിരുന്നെങ്കിൽപോലും അറേബ്യൻ ഉപദ്വീപിന്റെ വടക്കുള്ള അവസ്ഥകളെ കുറിച്ച് അറിഞ്ഞിരിക്കാനും സംരക്ഷണമൊരുക്കാനും അവസരം ലഭിക്കുകയുണ്ടായി. അറേബ്യൻ ഉപദ്വീപിന്റെ ശക്തിയുടെ യഥാർഥ കേന്ദ്രങ്ങളെ അന്വേഷിക്കുന്നതും അതിന്റെ പരിധിയിൽ വരുന്നു. അതോടൊപ്പം ദൂമത്തുൽ ജൻദൽ ഗസ്‌വ അതിന്റെ പരിണിതഫലങ്ങളുടെ അടിസ്ഥാനത്തിലും വളരെ ഗുണപ്രദമായിരുന്നു. മുഴുവൻ നാടിനെപ്പറ്റിയും അറിയാൻ കഴിഞ്ഞു. പ്രദേശത്തെക്കുറിച്ച് അറിയേണ്ടതും അക്രമം നടക്കുന്നത് അകറ്റേണ്ടതും അനിവാര്യമായിരുന്നു. ഏതായാലും എഴുതുന്നു: പ്രത്യക്ഷത്തിൽ നടക്കാതെ പോയ ഈ യുദ്ധം ദൈവാനുഗ്രഹത്താൽ മുസ്‌ലിമീങ്ങൾക്ക് ഭാവിയിൽ വിജയ പിന്തുണകളുടെ ഫലങ്ങൾ സ്വരുക്കൂട്ടുകയായിരുന്നു. ഈ സൈനിക നീക്കം ഭാവിയിൽ ഉണ്ടാകാനിടയുള്ള യുദ്ധ കവാടത്തെ കൊട്ടിയടക്കുന്നതായിരുന്നു. യഥാർഥത്തിൽ ഇതുണ്ടാകാൻ സാധ്യതയുള്ള ഒരു യുദ്ധത്തെ തടയാനുള്ള നടപടിയായിരുന്നു. കാരണം നിരവധി അറേബ്യൻ ഗോത്രങ്ങൾ മദീനയെ ആക്രമിക്കാൻ ആഗ്രഹിച്ചിരുന്നു. മാത്രമല്ല ഇത് ഉഹുദുയുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കുണ്ടായ താൽക്കാലിക പരാജയത്തെ മുതലെടുത്തുകൊണ്ട് മദീനയെ ആക്രമിക്കാൻ സ്വപ്നം കണ്ടിരുന്ന ഗോത്രങ്ങളുടെ അക്രമ സാധ്യതയെ തടുക്കുന്നതിനുള്ള ഒരു രാഷ്ട്രതന്ത്രപരമായ നീക്കവുമായിരുന്നു. ഈ യുദ്ധനീക്കം, ഒരിക്കലും റോമക്കാരുമായി യുദ്ധം ചെയ്യാൻ കഴിയില്ലെന്ന അറബികളുടെ മാനസികമായ പതിതാപവസ്ഥയെ ഇല്ലാതാക്കുന്നതുമായിരുന്നു. ഒരു കൂട്ടർ മാത്രമല്ല റോമൻ സാമ്രാജ്യത്തെ ഒരിക്കലും നേരിടാൻ സാധ്യമല്ലെന്ന അറബികൾക്കുള്ളിലുണ്ടായിരുന്ന പ്രഭാവം ഈ നീക്കത്തിലൂടെ അകലുകയുണ്ടായി. അവരുടെ സന്ദേശം അറബികൾക്ക് മാത്രം പരിമിതമല്ലെന്നും മറിച്ച് അത് ആഗോള സന്ദേശമാണെന്നും അവരെ ബോധ്യപ്പെടുത്തുന്നതും ഇതിന്റെ ലക്ഷ്യമായിരുന്നു. ഈ നീക്കത്തിലൂടെ ഈ നിലയ്ക്കും മുസ്‌ലിമീങ്ങളെ തൃപ്തിപ്പെടുത്തുകയുണ്ടായി. ഈ സത്വരവും നിർണായകവുമായ നീക്കവും യുക്തിഭദ്രമായ ആസൂത്രണവും മുഖേന നബി(സ) തിരുമേനി ഇസ്‌ലാമിക രാജ്യത്ത് സമാധാനവും സുരക്ഷയും നിലനിറുത്തുന്നതിലും സ്ഥിതിവിശേഷങ്ങളിൽ നിയന്ത്രണം കരസ്ഥമാക്കുന്നതിലും വിജയിക്കുകയുണ്ടായി. അങ്ങനെ സമയഗതിയുടെ മുഖം മുസ്‌ലിമീങ്ങൾക്കനുകൂലമായി തിരിച്ചുവിടുകയും ചെയ്തു. എല്ലാ ഭാഗത്തുനിന്നും അവരെ നിരന്തരം വലയം ചെയ്തിരുന്ന ആഭ്യന്തരവും ബാഹ്യവുമായ പ്രയാസങ്ങളുടെ കാഠിന്യത്തെ കുറക്കാനും കഴിഞ്ഞു. എതിരാളികളായ അനേകം ആളുകൾ ഈ നീക്കം കാരണം പിന്മാറുകയുണ്ടായി. അങ്ങനെ മുനാഫിഖീങ്ങൾ നിശബ്ദരും നിരാശരുമായി മാറി. അറേബ്യയിലെ ഗ്രാമീണവാസികൾ അയഞ്ഞു. മുസ്‌ലിമീങ്ങൾക്ക് ഇസ്‌ലാം പരത്താനും റബ്ബുൽ ആലമീന്റെ സന്ദേശം പ്രചരിപ്പിക്കാനും അവസരം കൈവരികയും ചെയ്തു. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 140, ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

നബിചരിതത്തിൽ ആഴത്തിൽ ഗവേഷണം നടത്തിയിട്ടുള്ള ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ)ഇതു സംബന്ധമായി എഴുതുന്നു:

ഈ ഗസ്‌വയുടെ ഒരു ലക്ഷ്യം അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം വലിയൊരു ഉദ്ദേശ്യം രാജ്യത്ത് സമാധാന സ്ഥാപനത്തിനുള്ള ആദ്യത്തെ ഗസ്‌വ ആയിരുന്നു എന്നുള്ളതാണ്.

ദൂമക്കാർക്ക് മുസ്‌ലിമീങ്ങളുമായി ഒരു വഴക്കുമില്ലായിരുന്നു. അവർ ഒരുപാട് അകലെ ആയിരുന്നതിനാൽ പ്രത്യക്ഷത്തിൽ ഈ ആശങ്ക യഥാർഥ അപകടാവസ്ഥയായി മാറില്ലായിരുന്നു. അവർ ഇത്രയും നീണ്ട യാത്രയുടെ പ്രയാസങ്ങൾ സഹിച്ച് മദീനയിലെ മുസ്‌ലിമീങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ നിമിത്തമാകില്ലായിരുന്നു. അതിനാൽ അവരെ നേരിടാൻ 15/16 ദിവസത്തെ പ്രയാസഭരിതമായ യാത്ര ചെയ്തത് വാസ്തവത്തിൽ അവർ തങ്ങളുടെ നാട്ടിൽ തുടങ്ങി വെച്ചിരുന്ന കൊള്ളയടിയുടെ ശൃംഖലയും നിരപരാധികളായ സംഘങ്ങളെയും യാത്രക്കാരെയും ദ്രോഹിക്കുന്നതും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ചുരുക്കത്തിൽ മുസ്‌ലിമീങ്ങളുടെ ഈ യാത്ര പൊതുനന്മക്കും രാജ്യത്തിന്റെ പൊതുവായ അഭിവൃദ്ധിക്കും വേണ്ടിയായിരുന്നു. അതല്ലാതെ ഒരു സ്വാർഥ താൽപര്യവും അതിനില്ലായിരുന്നു. ഇത്, നബി(സ)തിരുമനിയുടെ കൽപ്പനപ്രകാരമുള്ള മുസ്‌ലിമീങ്ങളുടെ ആരംഭകാല യുദ്ധങ്ങളെ മൃഗീയമെന്നും സ്വാർഥ താൽപ്പര്യത്തിനു വേണ്ടിയെന്നും തികച്ചും അക്രമവും അനീതിയുമായിരുന്നുവെന്നും പറയുന്നവർക്കുള്ള കർമപരമായ മറുപടിയാകുന്നു. ഈ ഗസ്‌വ കൊണ്ടുണ്ടായ മറ്റൊരു നേട്ടം ദൂമക്കാർ ഭയപ്പെട്ടുകൊണ്ട് തങ്ങളുടെ കലാപപരമായ നീക്കങ്ങളിൽ നിന്ന് പിന്മാറി എന്നതാണ്. മർദ്ദിതരായ യാത്രക്കാർക്ക് പ്രസ്തുത അക്രമത്തിൽനിന്ന് മോചനം ലഭിക്കുകയും ചെയ്തു. മറ്റൊന്നു ശാമിന്റെ അതിർത്തിയിൽ മുസ്‌ലിമീങ്ങളുടെ പേര് മാത്രമേ കേട്ടിരുന്നുള്ളൂ, ആളുകൾ ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ സംബന്ധിച്ച് അജ്ഞരുമായിരുന്നു. അവർക്കും ഇസ്‌ലാമിനെ പരിചയപ്പെടാൻ കഴിഞ്ഞു. അവിടെയുള്ള ആളുകൾ ഒരു പരിധിവരെ മുസ്‌ലിമീങ്ങളുടെ രീതിയെയും സംസ്കാരത്തെയും കുറിച്ച് അറിയാനിടയായി. ദൂമത്തുൽ ജൻദലിന്റെ പരിസര പ്രദേശങ്ങളിൽ ചില ക്രിസ്ത്യാനികളും വസിച്ചിരുന്നു. പക്ഷേ, നിവേദനങ്ങളിലൊന്നും തന്നെ ഈ കലാപകാരികൾ ക്രിസ്ത്യാനികളായിരുന്നോ അതല്ല വിഗ്രഹാരാധകരായ മുശ്‌രികീങ്ങളായിരുന്നോയെന്നൊന്നും എഴുതിയിട്ടില്ല. പക്ഷേ, അവസ്ഥകൾ വച്ചു നോക്കുമ്പോൾ ഇവർ മുശ്‌രികീങ്ങളാണെന്നു തോന്നുന്നു. കാരണം ഇത് ക്രിസ്ത്യാനികൾക്കെതിരിലുള്ള നീക്കമായിരുന്നുവെങ്കിൽ ചരിത്രകാരന്മാർ തീർച്ചയായും അത് രേഖപ്പെടുത്തുമായിരുന്നു.’ *(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ),പേജ് 541)* ക്രിസ്തീയ ചരിത്രകാരന്മാരും എഴുതുമായിരുന്നു.

ശേഷം പേജ് 11 ൽ

• ഹദീഥുന്നബ്‌വി(സ) •

‘അല്ലാഹുവിനോടും അവന്റെ ദൂതനോടും മുസ്‌ലിം നേതാക്കന്മാരോടും പൊതുവെ മുസ്‌ലിം ജനതയോടും ഉള്ള വിശ്വാസമാകുന്നു മതം.’

(ബു. 2:42)

ത്വാലിബെ ദുആ

PROF.M.K.AHMED KAREEM AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി(സ) •

‘വിജ്ഞാനമുള്ള വാക്ക് വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അതിനാൽ അതെവിടെ കണ്ടാലും അതിന്മേൽ അവന് കൂടുതൽ അവകാശമുണ്ട്.’ (തിർമുദി, 39:19)

ത്വാലിബെ ദുആ

E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

ലേഖനം

# സലാഹുദ്ദീൻ അയ്യൂബി

- ഫള്ൽ അഹ്മദ്

(വിവർത്തനം: കെ.വി. ഹസ്സൻകോയ, കോഴിക്കോട്)

ക്രിസ്ത്വാബ്ദം 632-ൽ നബി(സ)തിരുമേനിയുടെ ചരമത്തെ തുടർന്ന് അദ്ദേഹത്തിന്റെ ഖലീഫമാർ ഇസ്‌ലാമിന്റെ സന്ദേശം മധ്യപൗരസ്ത്യദേശത്തും, വടക്കെ ആഫ്രിക്കയിലും തെക്കൻ യൂറോപ്പിലും എത്തിച്ചു. ക്രിസ്ത്വാബ്ദം 634 ആകുമ്പോഴേക്കും അറേബ്യ മുഴുവനും ഇസ്‌ലാംമതം സ്വീകരിച്ചു. ക്രിസ്ത്വാബ്ദം 635-ൽ ഡമാസ്കസും 640-ൽ ഈജിപ്തും ഇസ്‌ലാം ആശ്ലേഷിച്ചു. മുസ്‌ലിമീങ്ങൾക്ക് ആധിപത്യം ലഭിച്ചയിടങ്ങളിലെല്ലാം മുസ്‌ലിമീങ്ങൾ ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും സംരക്ഷണം നൽകി. ക്രിസ്ത്യാനികളും ജൂതന്മാരും മുസ്‌ലിമീങ്ങളെ ആദരിച്ചു. മുസ്‌ലിമീങ്ങൾ ആഗതരാകുന്നതിനു മുമ്പേ വർഷങ്ങളോളം ക്രിസ്ത്യാനികളേയും ജൂതന്മാരേയും ബാഹ്യശക്തികൾ അടിമപ്പെടുത്തിയിരുന്നു; പലസ്തീൻ, സ്പെയിൻ, ഈജിപ്ത് എന്നിവിടങ്ങളിൽ!

ക്രിസ്ത്വാബ്ദം 635-ൽ ഖാലിദ് ബിൻ വലീദ് ഡമാസ്കസിലെത്തിയപ്പോൾ മുസ്‌ലിമീങ്ങൾ കീഴടക്കുന്ന അമുസ്‌ലിം പ്രജകളോടു അനുവർത്തിക്കേണ്ട നയത്തിന്റെ കീഴ്‌വഴക്കം ഉണ്ടാക്കിയിരുന്നു. ഉദാഹരണമായി ഡമാസ്കസിലെ അമുസ്‌ലിമീങ്ങൾക്ക് (അവരിലധികവും ക്രിസ്ത്യാനികളും ജൂതന്മാരുമായിരുന്നു) അവർ നൽകിയ 'ജിസ്‌യ' എന്ന നികുതിക്ക് പകരമായി അവരുടെ ജീവനും സ്വത്തിനും ആരാധനാലയങ്ങൾക്കും പരിപൂർണ്ണ സംരക്ഷണം നൽകിയിരുന്നു.

ക്രിസ്ത്വാബ്ദം 638-ൽ ജെറുസലേം രക്തം ചിന്താതെ കീഴടങ്ങുകയാണുണ്ടായത്. അവിടുത്തെ പട്ടണവാസികൾക്കും അവരുടെ ഗ്രീക്ക് ക്രിസ്ത്യൻ പാട്രിയാർക്കായിരുന്ന സഫർനിയൂസിനും 'ജിസ്‌യ' യുടെ അതേ നിബന്ധനകൾ തന്നെയാണ് അവിടെ നടപ്പിലാക്കിക്കൊണ്ടിരുന്നത്. മുമ്പേ തങ്ങളുടെ ബൈസാന്തിയൻ യജമാനന്മാർക്ക് നൽകിയിരുന്ന കനത്ത നികുതിയേക്കാൾ എത്രയോ കുറവായിരുന്നു 'ജിസ്‌യ' എന്നറിഞ്ഞപ്പോൾ ജെറുസലേമിലെ ജനങ്ങൾ അത്ഭുതപ്പെട്ടു. ഘനഗംഭീരമായ രീതിയിലായിരിക്കും ശക്തരായ മുസ്‌ലിമീങ്ങളുടെ പട്ടണപ്രവേശം എന്നായിരുന്നു അവർ ധരിച്ചിരുന്നത്. എന്നാൽ, ലോകചരിത്രത്തിൽ ഏറ്റവും വേഗത്തിൽ വിപുലീകരിക്കപ്പെടുന്ന സാമ്രാജ്യത്തിന്റെ നേതാവ് ഖലീഫ ഉമർ(റ)തന്റെ അടിമയോടൊപ്പം നഗ്നപാദനായി നടന്നുവരുന്ന കാഴ്ച അവരിൽ അമ്പരപ്പുളവാക്കി. ഇതായിരുന്നു അത്യുത്സുകരായ മുസ്‌ലിമീങ്ങളുടെ ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മാവ്.

മധ്യപൗരസ്ത്യ ദേശങ്ങളിൽ (മുസ്‌ലിമീങ്ങളുടെ) അതിവേഗമുന്നേറ്റത്തിന്റെ വാർത്ത പശ്ചിമ യൂറോപ്പിലെ ക്രിസ്തീയ രാജാക്കന്മാർ ആശങ്കയോടെയും താൽപര്യത്തോടെയുമായിരിക്കണം എതിരേറ്റത്. ക്രിസ്ത്വാബ്ദം 711-ൽ മുസ്‌ലിമീങ്ങൾ പടിഞ്ഞാറ് പാരീസിലേക്കും കിഴക്ക് ചൈനയിലേക്കും മുന്നേറുകയാണെന്ന വാർത്ത കേട്ടപ്പോൾ അവരുടെ ആശങ്ക അതിന്റെ പാരമ്യത്തിലെത്തിക്കാണും.

ക്രിസ്ത്വാബ്ദം 732-ൽ പാരീസിൽനിന്നും 150 നാഴികയും ബ്രിട്ടീഷ് തീരത്തുനിന്ന് 250-ൽ കുറഞ്ഞ നാഴികയും ദൂരമുള്ള ടൂർസിലെ ചാൾസ് മാർട്ടെലിനോട് പരാജയപ്പെട്ടപ്പോഴാണ് തങ്ങൾ സ്വയം അതിർകവിഞ്ഞുപോയെന്ന് മനസ്സിലാക്കി സ്പെയിനിന്റെ അതിർത്തിയിലേക്ക് പിൻവാങ്ങിയത്.

### കുരിശുയുദ്ധങ്ങൾ

രാഷ്ട്രീയക്കാരുടെ സ്വാധീനത്താൽ മതനിന്ദകരാണെന്ന് തങ്ങൾ കരുതുന്ന ക്രിസ്ത്യാനികളെ മതവിചാരണ(ഇൻക്വിസിഷൻ)ക്ക് വിധേയമാക്കി. ഈ മതവിചാരണകൾ പിന്നീട് സ്പെയിനിൽ മുസ്‌ലിമീങ്ങൾക്കും ക്രിസ്ത്യാനികൾക്കുമെതിരേയും നടപ്പാക്കിയിരിക്കുന്നു.

കത്തോലിക്കാ വിശ്വാസികളിൽ പോപ്പുമാർക്ക് വളരെയധികം അധികാരങ്ങളുണ്ടായിരുന്നു. 1095 നവംബർ 27-ന് ചേർന്ന ക്ലെർമന്റ് കൗൺസിലിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധമാരംഭിക്കാൻ പോപ് അർബൻ രണ്ടാമൻ ആഹ്വാനം ചെയ്തു. മുസ്‌ലിമീങ്ങളെ തുരത്തുകയും വിശുദ്ധഭൂമി പിടിച്ചെടുക്കുകയും കോൺസ്റ്റാന്റിനോപ്പിളിനെ സംരക്ഷിക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. (വിരോധാഭാസമെന്ന് പറയട്ടെ 1204-ൽ ഈ കുരിശുയുദ്ധക്കാർ തന്നെയായിരുന്നു തങ്ങൾക്ക് സംരക്ഷണചുമതലയുള്ള കോൺസ്റ്റാന്റിനോപ്പിൾ കൊള്ളയടിച്ചതും അതേ തുടർന്ന് ഉസ്മാനിയ സാമ്രാജ്യത്തിന് പട്ടണം ഏറ്റെടുക്കേണ്ടി വന്നതും). ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി കൈക്കൊള്ളാൻ പോപ് നിർദ്ദേശിച്ചു. അതിൽ പങ്കെടുക്കുന്നവർക്ക് ദൈവികാനുഗ്രഹമാകുന്ന പ്രതിഫലവും ദൈവത്തിന്റെ സിംഹാസനവും വാഗ്ദാനം ചെയ്തു.

നബി(സ)തിരുമേനിയുടെ അധ്യാപനത്തിന്നെതിരായി ഫാത്വിമിയ്യാ ഖലീഫ അൽഹക്കീം 1009-ൽ വിശുദ്ധ ശവകുടീരം സ്ഥിതിചെയ്യുന്ന ജെറുസലേമിലെ ചർച്ച് താറുമാറാക്കിയത് ക്രിസ്ത്യാനികളുടെ ഉജ്ജീവനത്തിന് കൂടുതൽ ഉണർവ്വേകി. ഇസ്‌ലാമിൽ ഇതര മതവിശ്വാസികളുടെ ദൈവങ്ങളെ അപകീർത്തിപ്പെടുത്തുന്നതും അവരുടെ ആരാധനാലയങ്ങൾക്ക് ക്ഷതമേല്പിക്കുന്നതും തിന്മയാണെന്ന് മാത്രമല്ല, ദൈവകോപത്തിന് കാരണമാവുന്നതും കൂടിയാണ്.

അധികം താമസിയാതെ 1090-ൽ കുരിശുയുദ്ധക്കാർ ജെറുസലേം പിടിച്ചെടുക്കുകയും ക്രിസ്തീയ രാജഭരണം സ്ഥാപിക്കുകയും ബൂലോണിലോ ഗോഡ്ഫ്രെയെ രാജകുമാരനായി വാഴിക്കുകയും ചെയ്തു. ജെറുസലേമിന് നേരെയുണ്ടായ ആക്രമണം അതിഭയാനകമായിരുന്നു. സ്ത്രീകളോടും കുട്ടികളോടുപോലും കരുണ കാണിക്കപ്പെട്ടില്ല. ഇടുങ്ങിയ വഴിത്താരകളിലൂടെ രക്തനദികൾ ഒഴുകി. നിഷ്കരുണരായ കുരിശുയുദ്ധക്കാർ ഈ അവസരത്തിൽ എഴുപതിനായിരത്തിലധികം പേരെ കൂട്ടക്കൊല ചെയ്തു.

വിവിധ യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള കുരിശുയുദ്ധക്കാർ ടെമ്പ്ലാർസ് ഹോസ്പിറ്റയേഴ്സ് എന്നീ പേരുകളിൽ സേന രൂപീകരിച്ചു. പട്ടണത്തിലെ മുഴുവൻ സാധനങ്ങളും കൊള്ളയടിച്ചു. അവരുടെ പാപങ്ങൾ മുഴുവൻ പൊറുക്കപ്പെടുമെന്ന് പറയപ്പെട്ടുവെന്നു മാത്രമല്ല. അവർക്കപ്പോൾ ധനവാന്മാരായ കച്ചവടക്കാരായി മാറാനും സാധിച്ചു.

പശ്ചിമയൂറോപ്പിൽ നിന്നുള്ള കുരിശുയുദ്ധക്കാർ മധ്യപൗരസ്ത്യദേശങ്ങൾ കൊള്ളയടിച്ചു. അവർ കെയ്റോവിലെത്തിയപ്പോൾ ജെറുസലേമിലെ അമരി ഒന്നാമന്റെ നേതൃത്വത്തിൽ അൽ ഫുസ്തത്തിലുള്ള പുരാതന മുസ്‌ലിം ക്വാർട്ടർ അഗ്നിക്കിരയാക്കി. സിറിയയിലെ സുൽത്വാൻ ഇടപ്പെട്ടില്ലായിരുന്നുവെങ്കിൽ പട്ടണം കുരിശുയുദ്ധക്കാർ കൈവശപ്പെടുത്തുമായിരുന്നു.

മുസ്‌ലിമീങ്ങൾ ഒന്നിക്കുന്നതിനു പകരം ചില മുസ്‌ലിമീങ്ങൾ കുരിശുയുദ്ധത്തിന്റെ ഈ അവസ്ഥ മുതലെടുത്തുകൊണ്ട് തങ്ങളുടെ പ്രാദേശിക എതിരാളികളോടു പ്രതികാരം ചെയ്തു. ചില ഫ്രാങ്കുകളുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു. ഈ ഭയാനകമായ അവസ്ഥയിലായിരുന്നു മുസ്‌ലിമീങ്ങളെ ഏകോപിപ്പിക്കാനും മാർഗ്ഗദർശനം ചെയ്യാനും അടിയന്തിരമായ പ്രയത്നം ആവശ്യമായിരുന്നത്. ജൂതന്മാരും സംരക്ഷണം തേടി. എന്തെന്നാൽ വിചാരണ കഴിഞ്ഞാൽ അവരെ കുരിശുയുദ്ധക്കാർ വെറുതെ വിടില്ലായിരുന്നു. മുസ്‌ലിമീങ്ങളുമായുള്ള പഴയ സഖ്യം ഒരിക്കൽകൂടി ജൂതന്മാർക്ക് ഉപകാരപ്രദമായിത്തീർന്നു.

### സ്വലാഹുദ്ദീൻ

സ്വലാഹുദ്ദീൻ അയ്യൂബി പാശ്ചാത്യർക്കിടയിൽ 'സലദിൻ' എന്നറിയപ്പെട്ട സ്വലാഹുദ്ദീൻ യൂസുഫ് ബിൻ നജ്മുദ്ദീൻ അയ്യൂബ് ബിൻ ശദ്‌ലി അബുൽ മുസഫർ സ്വലാഹുദ്ദീൻ അൽമലിക്ക് അന്നാസ്വിർ ക്രിസ്താബ്ദം 1137-ൽ ആധുനിക ഇറാഖിലെ തീർക്കിത്തിൽ ഭൂജാതനായി. അർമീനിയയിൽ രൂപംകൊണ്ട അയ്യൂബികൾ എന്നറിയപ്പെട്ടവരുടെ കുർദിശ് ഗോത്രത്തിലായിരുന്നു അദ്ദേഹം ജനിച്ചത്. മോസൂലിലെ സുൽത്വാന്റെ പട്ടാളത്തിൽ കുർദിശ് ജനറലായി സേവനം ചെയ്തിരുന്ന നജ്മുദ്ദീൻ അയ്യൂബ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്.

### സ്വലാഹുദ്ദീന്റെ ആദ്യകാല ഉദ്യോഗം

സ്വലാഹുദ്ദീന് മികച്ച വിദ്യാഭ്യാസം നൽകപ്പെട്ടിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം കുടുംബാംഗങ്ങളിൽ പ്രതീക്ഷകൾ അങ്കുരിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഒരു ഗവർണ്ണർ ആയിരുന്നു. അദ്ദേഹം മോസൂലിലേക്ക് പോയി. വളരെ കർശനമായും അച്ചടക്കത്തോടു കൂടിയുമായിരുന്നു അദ്ദേഹം മകനെ വളർത്തിയത്. യുവാവായിരിക്കുമ്പോൾത്തന്നെ സ്വലാഹുദ്ദീനെക്കുറിച്ച് സിറിയയിലെ രാജാവായിരുന്ന നൂറുദ്ദീൻ മഹ്മൂദിന് വലിയ മതിപ്പായിരുന്നു. അദ്ദേഹം തന്റെ അമ്മാവൻ അസദുദ്ദീൻശെർകോയുടെ കീഴിൽ ഒരു ലെഫ്റ്റനന്റായി. സ്വലാഹുദ്ദീൻ തന്റെ നേതൃത്വഗുണത്തിലും കൃത്യനിർവഹണത്തിലും സത്യസന്ധതയിലും പ്രസിദ്ധനായിരുന്നു. ഭക്തനായൊരു മുസ്‌ലിമായിരുന്ന അദ്ദേഹം വളരെ മിതമായ ജീവിതരീതിയും ലാളിത്യവും കൈക്കൊണ്ടു. മറ്റുള്ളവരെപ്പോലെ അദ്ദേഹം ആഢംബരജീവിതം നയിച്ചില്ല.

### സ്വലാഹുദ്ദീൻ മുസ്‌ലിമീങ്ങളുടെ പ്രതിരോധ നായകൻ

തനിക്കു ചുറ്റും നടക്കുന്ന സംഭവങ്ങൾ നിരീക്ഷിച്ചപ്പോൾ കുരിശുയുദ്ധക്കാരുടെ ആക്രമണമാണ് അദ്ദേഹം കണ്ടത്. എന്നാൽ, താൻ പ്രതീക്ഷിച്ചതുപോലെ ഐക്യത്തോടെ ജീവിക്കുന്നതിനു പകരം മുസ്‌ലിം ലോകം ശിഥിലമാവുകയും സഹോദരന്മാർ തമ്മിൽ പോരടിക്കുന്നതുമാണ് അദ്ദേഹം ദർശിച്ചത്.

ഈ കാലമായപ്പോഴേക്കും ആക്രമണങ്ങൾക്കു ശേഷം രണ്ട് നൂറ്റാണ്ടുകൾ കഴിഞ്ഞിരുന്നു. മധ്യപൗരസ്ത്യദേശത്തെ ഭരണം കുരിശുയുദ്ധക്കാരുടെ കൈയിലായിരുന്നു.

കുരിശുയുദ്ധക്കാർ വിശുദ്ധഭൂമിയിൽനിന്ന് വിവിധ ദിശകളിലേക്ക് തള്ളിക്കയറിക്കൊണ്ടിരിക്കുകയായിരുന്നു. ഈജിപ്ത് വളരെ ദുർബലമായിരുന്നു. കെയ്റോയും ആക്രമണത്തിന് വിധേയമായതിനാൽ സുൽത്വാൻ തന്റെ കമാന്റേറ്റർ ശെർകോയേയും മന്ത്രിയായ സ്വലാഹുദ്ദീനേയും അയച്ചു.

തന്റെ അമ്മാവൻ ശെർകോ പട്ടണത്തിലെ കുരിശുയുദ്ധക്കാരെ പരാജയപ്പെടുത്തിയശേഷം 1171-ൽ സ്വലാഹുദ്ദീനെ ഈജിപ്തിലെ പ്രധാന മന്ത്രിയായി നിയമിച്ചു. അദ്ദേഹം ഈജിപ്തിലെ ഭരണത്തെയും പട്ടാളത്തെയും ശക്തിപ്പെടുത്തി. കുരിശുയുദ്ധക്കാരെ ജെറുസലേമിൽനിന്നും സിറിയയിൽനിന്നും തുരത്താൻ സ്വലാഹുദ്ദീൻ കെയ്റോയെ തന്റെ താവളമാക്കി.

സിറിയയിലെ കുരിശുയുദ്ധക്കാരെ തുരത്തിയ അയ്യൂബി 1175-ൽ ഡമാസ്കസ് പിടിച്ചെടുത്തു. പിന്നീട് അദ്ദേഹത്തിന്റെ പട്ടാളം തുർക്കിയിൽ കടന്നു കൊനിയ പിടിച്ചടക്കി. (റൂമിയുടെ ഗൃഹം എന്ന പേരിലാണ് കൊനിയ അറിയപ്പെടുന്നത്) പട്ടാളകേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള സ്ഥലങ്ങളേയും ഗോത്രങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് അദ്ദേഹം കുരിശുയുദ്ധക്കാരുടെമേൽ കൂടുതൽ സമ്മർദ്ദം ചെലുത്തി. അവരെ പല ദിശകളിൽ കൂടിയും വലയം ചെയ്തു. അദ്ദേഹമുണ്ടാക്കിയ വിവിധ കരാറുകളുടെ ഫലമായി 1176 -മുതൽ 1181-വരെ ആറുവർഷം താരതമ്യേന ശാന്തിയുണ്ടായി. രണ്ട് വിഭാഗങ്ങൾക്കും താന്താങ്ങളുടെ ജനങ്ങളെ പുനഃസംഘടിപ്പിക്കാനും തന്ത്രങ്ങൾ പരിഗണിക്കാനും ഈ കാലം ഉപയുക്തമായി. ലിബിയ വരെയുള്ള വടക്കെ ആഫ്രിക്കയുടെ മിക്ക ഭാഗങ്ങളും മെസപ്പൊട്ടോമിയയും അറേബ്യയും സ്വലാഹുദ്ദീന്റെ നിയന്ത്രണത്തിലായി. എന്നിട്ടും ജെറുസലേമിൽ മുസ്‌ലിമീങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായില്ലെന്ന വസ്തുത അദ്ദേഹത്തെ അലട്ടി. കുരിശുയുദ്ധക്കാരുടെ സാന്നിധ്യം അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു.

## സ്വലാഹുദ്ദീൻ ജെറുസലേം തിരിച്ചുപിടിക്കുന്നു

ആദ്യവർഷങ്ങളിൽത്തന്നെ പിന്നിൽനിന്ന് കുത്തുന്ന മുസ്‌ലിംകക്ഷികളെക്കുറിച്ച് ജാഗ്രതയുള്ളയാളായിരുന്നു സ്വലാഹുദ്ദീൻ. അതേസമയം അദ്ദേഹം കുരിശുയുദ്ധക്കാരെ കൈകാര്യം ചെയ്യുന്നതിൽ വ്യാപൃതനുമായിരുന്നു. പക്ഷേ, അദ്ദേഹം വളരെ ബുദ്ധിപൂർവ്വം സഖ്യങ്ങൾ സൃഷ്ടിക്കാൻ തന്റെ സമയം ഉപയോഗപ്പെടുത്തി. അതിനാൽ ഇപ്പോൾ അദ്ദേഹത്തിന് കൂടുതൽ ആത്മവിശ്വാസത്തോടെ ജെറുസലേമിനെ കീഴടക്കാൻ പദ്ധതിയിടാൻ സാധിച്ചു.

ഒരു യുദ്ധവിരാമക്കരാർ നിലവിലിരിക്കെത്തന്നെ ചാറ്റിലോണിലെ റെജിനാൾഡ് പ്രഭു കാരക്കി (ആധുനിക ജോർഡാൻ)കൊട്ടാരത്തിൽ താവളമടിച്ചുകൊണ്ട്, സിറിയയിലേക്ക് പോകുന്ന കച്ചവടസംഘങ്ങളെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്ത് കരാർ ലംഘിക്കുകയുണ്ടായി. റെഡിനാൾഡ് പ്രഭു സ്ത്രീകളേയും കുട്ടികളേയുംപോലും ഒഴിവാക്കിയിരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവരെല്ലാം യുദ്ധമുതലുകളായിരുന്നു. മക്കയുടെ വളരെ അടുത്തുള്ള അറേബ്യൻ രാജ്യങ്ങളിലേക്ക് അദ്ദേഹം പട്ടാളക്കാരെ അയക്കുകയും അവിടുത്തെ ജനങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു. അതിന് കാരണമായിപ്പറഞ്ഞത് "അവർ മുഹമ്മദിൽ വിശ്വസിക്കുന്നവരല്ലേ, മുഹമ്മദ് വന്ന് അവരെ രക്ഷിക്കട്ടെ" എന്നാണ്.

ബാൾഡ് വിൻ അഞ്ചാമൻ സിംഹാസനം ഒഴിഞ്ഞപ്പോൾ റജിനാൾഡിനെപോലെയുള്ള നിരവധി പേർ സിംഹാസനം കൈക്കലാക്കാൻ ശ്രമിക്കുകയും ക്രിസ്ത്യാനികൾക്കിടയിൽത്തന്നെ അത് ഛിദ്രതയുണ്ടാക്കുകയും ചെയ്തു.

സ്വലാഹുദ്ദീൻ ശക്തമായ പട്ടാളത്തെ രൂപീകരിക്കുകയും ക്രമേണ കുരിശുയുദ്ധക്കാരെ ആകെ കുഴപ്പത്തിലാക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ പട്ടാളം തിബരിയാസ് പിടിച്ചെടുക്കുകയാണുണ്ടായത്. കുലീനരായ ക്രിസ്ത്യാനികളെ സമാധാനത്തോടെ രക്ഷപ്പെടാൻ അനുവദിക്കുകയും ചെയ്തു.

1187 ആകുമ്പോഴേക്കും സ്വലാഹുദ്ദീൻ ജെറുസലേം തിരിച്ചുപിടിക്കുകയും കുരിശുയുദ്ധക്കാർ കീഴടങ്ങാനുള്ള കരാറുണ്ടാക്കുകയും ചെയ്തു. നേതാക്കളും യോദ്ധാക്കളും വിമോചന മൂല്യം നൽകി സ്വതന്ത്രരായെങ്കിലും ആയിരക്കണക്കായ പാവങ്ങൾ കരാർ സമയപരിധി അവസാനിച്ചിട്ടും പോകാൻ സാധിക്കാതെ അവിടെ തങ്ങി. തങ്ങളെ തടവുകാരായി വെക്കുമെന്ന് അവർ ധരിച്ചിരുന്നെങ്കിലും സ്വലാഹുദ്ദീൻ അവരെയെല്ലാം സ്വതന്ത്രരാക്കുകയാണുണ്ടായത്. 90 വർഷങ്ങൾക്കു മുമ്പേ കുരിശുയുദ്ധക്കാർ ജെറുസലേം ആക്രമിച്ചപ്പോൾ പട്ടണനിവാസികളെ മുഴുവനും നിഷ്ക്കാസനം ചെയ്തിരുന്നു. എന്നാൽ, സലാഹുദ്ദീൻ ജെറുസലേം തിരിച്ചു പിടിച്ചപ്പോൾ ഒരൊറ്റ മനുഷ്യൻ പോലും വധിക്കപ്പെട്ടില്ല.

സിംഹഹൃദയനായ റിച്ചാർഡിന്റെ നേതൃത്വത്തിൽ കുരിശുയുദ്ധക്കാർ ശക്തിയാർജ്ജിക്കുകയും 1191-ൽ റിച്ചാർഡ് പലസ്തീൻ മുഴുവനും പിടിച്ചെടുത്ത് അവിടുത്തെ മുസ്‌ലിം ജനസാമാന്യത്തെ അറുകൊല ചെയ്യുകയുമുണ്ടായി. ഇതിനെത്തുടർന്ന് സ്വലാഹുദ്ദീനും റിച്ചാർഡും തമ്മിൽ നിരവധി ഏറ്റുമുട്ടലുകളുണ്ടായി. ഇതുമുഖേന സ്വലാഹുദ്ദീന്റെ യുദ്ധത്തിലുള്ള വീരശൂര പരാക്രമങ്ങളുടെ കഥകൾ വളരെയധികം പെരുകി.

സ്വലാഹുദ്ദീൻ 22 വർഷം ഈജിപ്ത് ഭരിച്ചു. ആത്മരക്ഷക്കുവേണ്ടി അദ്ദേഹം പട്ടണത്തെ ഉയരത്തിൽനിന്ന് വീക്ഷിക്കാൻ ഒരു കുന്നിൻമുകളിൽ കോട്ട നിർമിച്ചു. അദ്ദേഹം പട്ടണത്തിൽ മദ്രസ്സകളും ഖാൻഖാകളും (ഇസ്‌ലാമിക സ്കൂളുകളും) സ്വൂഫി ആശ്രമങ്ങളും സ്ഥാപിച്ചു. സുന്നി മുസ്‌ലിമീങ്ങൾ അവിടെ ശക്തിപ്രാപിക്കണമെന്ന് അദ്ദേഹം ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. കുരിശുയുദ്ധക്കാരുമായി അദ്ദേഹം യുദ്ധം ചെയ്തരീതി പാശ്ചാത്യലോകത്ത് പ്രസിദ്ധമാണ്. കുരിശുയുദ്ധക്കാർ ജെറുസലേം പിടിച്ചെടുത്തപ്പോൾ പട്ടണം മുഴുവൻ രക്തനദിയാൽ മുങ്ങിയിരുന്നു. സ്വലാഹുദ്ദീൻ ജെറുസലേം തിരിച്ചുപിടിച്ചപ്പോൾ ഒരൊറ്റ ക്രിസ്ത്യാനിയുടെപോലും രക്തം ചിന്തിയിരുന്നില്ല.

പ്രതികരണമായി, സിംഹഹൃദയനായ റിച്ചാർഡ്, ജർമനിയിലെ ഫ്രെഡറിക്, ഫ്രാൻസിലെ ഫിലിപ്പ് ചക്രവർത്തി എന്നിവർ മുസ്‌ലിമീങ്ങളെ പരാജയപ്പെടുത്താൻ ഒരു വൻസൈന്യത്തെ അയച്ചു. താരതമ്യേന മിതമായ പട്ടാളശക്തിയുപയോഗിച്ച് സ്വലാഹുദ്ദീൻ ചെറുത്തുനിൽക്കുകയും കുരിശുയുദ്ധക്കാരെ പരാജയപ്പെടുത്തുകയും ചെയ്തു. അദ്ദേഹം വിജയിക്കുക മാത്രമായിരുന്നില്ല, അദ്ദേഹത്തിന്റെ യുദ്ധരീതി കുരുശുയുദ്ധക്കാരെപോലും ആകർഷിച്ചു. യുദ്ധം കൊടുമ്പിരികൊള്ളുമ്പോൾ പോലും തീർഥാടകരായി വന്നിരുന്ന ക്രിസ്ത്യാനികളെ സമാധാനപൂർവ്വം ജെറുസലേമിൽ പ്രവേശിക്കാൻ അനുവദിച്ചു.

റിച്ചാർഡ് രോഗം ബാധിച്ചു ദുരിതമനുഭവിച്ചപ്പോൾ സ്വലാഹുദ്ദീൻ പഴങ്ങളും മറ്റു സമ്മാനങ്ങളും അദ്ദേഹത്തിനയച്ചുകൊടുക്കുകയും അദ്ദേഹവുമായി സന്ധിയിലേർപ്പെടുകയും ചെയ്തു. ഈ രണ്ട് മഹാനേതാക്കന്മാരും പരസ്പരം ബഹുമാനം പ്രകടിപ്പിച്ചു.

1193-ൽ 56-ാം വയസ്സിൽ സ്വലാഹുദ്ദീൻ ഡമാസ്കസിൽ നിര്യാതനായി.

## അയ്യൂബിദുകൾ

അദ്ദേഹത്തിന്റെ പുത്രൻ അൽകാമിൽ സ്ഥാനമേൽക്കുകയും കെയ്റോവിൽ കോട്ട വിപുലീകരിക്കുകയും ചെയ്തു. 1250-വരെ അയ്യുബിദുകൾ ഭരണം നടത്തി. പിന്നെ അവരുടെ വിശിഷ്ടരായ പട്ടാള വിഭാഗ(ഇവർ സ്വതന്ത്രരായ അടിമകളായിരുന്നു)മായ മംലൂക്കുകൾ അധികാരമേറ്റെടുക്കുകയും അവരിൽപ്പെട്ട ഒരു പട്ടാളക്കാരൻ അൽമൂയിസ് അയ്മക് അവസാനത്തെ അയ്യൂബിദി നേതാവിന്റെ വിധവയെ വിവാഹം കഴിക്കുകയും ചെയ്തു. അവർ 250 വർഷങ്ങളോളം ഭരണം നടത്തി.

പിന്നീടുള്ള നൂറ്റാണ്ടുകളിൽ മുസ്‌ലിം നേതാക്കന്മാർ കൃത്രിമമായ പകിട്ടുകളിലും ധനത്തിലും ആകൃഷ്ടരായി. ലക്ഷ്യത്തിലുള്ള ഈ വ്യതിയാനം വ്യക്തമായിരുന്നു. മസ്ജിദുകളും യൂനിവേഴ്സിറ്റി കെട്ടിടങ്ങളും നിർമിക്കുന്നതിനു പകരം വിശാലമായ കൊട്ടാരങ്ങളും അന്തഃപുരങ്ങളും നിർമിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ. കഠിനാധ്വാനത്തിനു പകരം വിനോദങ്ങളിലേർപ്പെട്ടു. ക്രമേണ അവർക്ക് ചുറ്റുമുള്ള രാജ്യങ്ങളിലുള്ള സ്വാധീനത്തിന് മങ്ങലേറ്റു.

### • ഹദീഥുന്നബവി(സ) •

**'ആരുടെ നാവിൽനിന്നും കൈയിൽനിന്നും മുസ്‌ലിമീങ്ങൾ സുരക്ഷിതരായിരിക്കുന്നുവോ അവനാകുന്നു മുസ്‌ലിം.'** (ബു. 2:3)

ത്വാലിബെ ദുആ
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

### • ഹദീഥുന്നബവി(സ) •

**"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.'** (ബു. 2:23)

ത്വാലിബെ ദുആ
LATE DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

### ഉപസംഹാരം

ചരിത്രത്തിന്റെ വിരോധാഭാസമെന്നു പറയട്ടെ, ആയിരം വർഷങ്ങൾക്കു മുമ്പേ സ്വലാഹുദ്ദീൻ ഇറാഖിലെ തിക്‌രിത്തിലായിരുന്നു ഭൂജാതനായത്. ഈ അടുത്തയിടെയുണ്ടായ ഇറാഖ് യുദ്ധത്തിൽ ബോംബുവർഷങ്ങളുടെ രംഗവേദിയായിരുന്നു അത്.

യൂറോപ്പിലെ കുരിശുയുദ്ധക്കാർ അടിച്ചേൽപ്പിച്ചതാണെങ്കിലും സ്വലാഹുദ്ദീൻ അയ്യൂബി ചെയ്ത പ്രതിരോധ യുദ്ധത്തിന്റെ രീതി കാരണം അദ്ദേഹം ചരിത്രത്തിൽ സ്മരിക്കപ്പെടുന്നു. തുടക്കത്തിൽ മറ്റു മുസ്‌ലിമീങ്ങളുടെ പിന്തുണയും ഐക്യവും കുറവായിട്ടുപോലും അദ്ദേഹം വിജയശ്രീലാളിതനായി.

നമുക്കെല്ലാം ഇതിൽ പാഠങ്ങളുണ്ട്. യുദ്ധത്തിൽ വിജയം കൈവരിക്കാനുള്ള ഏകവഴി നിയമലംഘനം മാത്രമാണെന്ന് ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നിട്ടും വിജയം പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിജയം നേടാൻ ഉപയോഗിക്കുന്ന രീതിയെന്ന് അദ്ദേഹം നിർണായകമായി തെളിയിച്ചിരിക്കുകയാണ്. 1500 വർഷങ്ങൾക്കു മുമ്പേ സൈറസ് നേടിയതുപോലെ ഏകദേശം ചില നൂറ്റാണ്ടുകൾക്കു മുമ്പേ മക്കക്കാരുടെ കൈകൾകൊണ്ട് മുസ്‌ലിമീങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന പീഢനങ്ങളായിരുന്നിരിക്കണം സ്വലാഹുദ്ദീന് പ്രചോദനമേകിയത്. എന്നിട്ടും മക്കയെ കീഴടക്കാൻ നബി[സ]തിരുമേനി അനുയായികളോടൊപ്പം പോയപ്പോൾ രക്തം ചിന്തിയില്ലെന്ന് മാത്രമല്ല നബി[സ] തിരുമേനി തന്നെയും തന്റെ അനുയായികളെയും വർഷങ്ങളോളം പീഢിപ്പിക്കുകയും വധിക്കുകയും ചെയ്ത എല്ലാവർക്കും മാപ്പ് നൽകുകയാണ് ചെയ്തത്.

സമാനമായ ഒരു പെരുമാറ്റം തന്നെയാണ് സ്വലാഹുദ്ദീൻ ജെറുസലേം തിരിച്ചുപിടിച്ചപ്പോൾ കാണിച്ചത്. ബഹുമാനമർഹിക്കുന്ന വിശ്വാസിയായിരുന്നു അദ്ദേഹം. കൃത്രിമമായ ആഢംബരത്തിനും ധനത്തിനും വില കല്പിക്കാതെ ലാളിത്യമായിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടത്.

അബ്ദുൽ ലത്വീഫ് എന്ന് പേരുള്ള ബാഗ്ദാദിലെ ഒരു ഭിഷഗ്വരൻ സ്വലാഹുദ്ദീനെ സംബന്ധിച്ച് പറയുന്നു:

"ഒരു മഹാനായ രാജകുമാരൻ. അദ്ദേഹത്തിന്റെ ആഗമനം ബഹുമാനവും സ്നേഹവും അങ്കുരിപ്പിക്കുന്നു. അദ്ദേഹത്തെ എപ്പോഴും സമീപിക്കാമായിരുന്നു. അദ്ദേഹം അഗാധ ബുദ്ധിമാനും ഉദാരമതിയും കുലീനമായ ചിന്തകളുമുള്ള ആളായിരുന്നു. അദ്ദേഹത്തെ സമീപിച്ചവരെല്ലാം അദ്ദേഹത്തെ മാതൃകയാക്കി...."

അദ്ദേഹം അഗാധമായ മതബോധമുള്ളയാളായിരുന്നു. ഇസ്‌ലാമിനെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം യാഥാസ്ഥിതികമായിരുന്നു. അതേസമയം നബി[സ]തിരുമേനി കാണിച്ചുതന്ന ലാളിത്യത്തിന്റേയും ത്യാഗമനോഭാവത്തിന്റേയും അടിസ്ഥാനത്തിലുള്ളതായിരുന്നു.

നമുക്കെല്ലാം പിന്തുടരാൻ പറ്റിയ ധീരോദാത്തതയുടെ ഇതിലും നല്ല ഉദാഹരണം വേറെയില്ല. *(റിവ്യൂ ഓഫ് റിലീജ്യൻസ്, സെപ്റ്റംബർ 2004)*

പേജ് 1 ൽ നിന്ന്

ടുന്നത് സംസാരിക്കുന്നവൻ മറ്റുള്ളവരുടെ ചിന്താഗതികളെ എത്രത്തോളം ശ്രദ്ധിക്കണമെന്നാൽ, ഇനി അവന് സത്യം ഒളിപ്പിക്കേണ്ടിവന്നാൽത്തന്നെയും അതിനും മടിക്കാൻ പാടില്ല എന്നതാണ്. എന്നാൽ, കാലത്തിന്റെ ഒഴുക്കുഇങ്ങനെയൊക്കെയാണെങ്കിലും ആ തിന്മയെ പൂർണശക്തിയോടെ എതിർക്കുക എന്നത് സകലരുടേയും നിർബന്ധകടമയാണ്. അതിനെ ചവുട്ടിമെതിക്കുന്നത് ഒരിക്കലും അവഗണിക്കരുത്. കാരണം കളവു പറയുന്നവർ മറ്റുള്ളവരെ വഞ്ചിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. വഞ്ചന ആളുകൾക്ക് നഷ്ടമുണ്ടാക്കുന്നതാണ്. അതിനാൽ കളവു പറയുന്നവൻ ധാർമികപരമായ കുറ്റവാളി മാത്രമല്ല, പ്രത്യുത മനുഷ്യകുലത്തിന്റെ തന്നെ ശത്രുവും അവരെ നശിപ്പിക്കുന്നവനുമാണ്. ആ ദോഷം തുടച്ചുനീക്കുക എന്നത് സത്യവാന്മാരും ആത്മാർഥരുമായ എല്ലാ മുസ്‌ലിമീങ്ങളുടേയും നിർബന്ധ കടമയാണ്. നബി[സ] തിരുമേനി കപടവിശ്വാസികളുടെ അടയാളങ്ങളെ കുറിച്ച് സ്മരിച്ചുകൊണ്ടു പറഞ്ഞു: അവന്റെ ഒരു അടയാളം സംസാരിക്കുമ്പോൾ കളവു പറയുന്നുവെന്നതാണ്. കപടവിശ്വാസിയെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: അവനെ നരകത്തിന്റെ ഏറ്റവും കാഠിന്യമേറിയ സ്ഥലത്ത് വെക്കുന്നതായിരിക്കും. അതായത് അല്ലാഹു കപടവിശ്വാസികളോടൊപ്പം സത്യനിഷേധികളോടും കഠിനമായി പെരുമാറുന്നതായിരിക്കും. കാരണം കാഫിറിനെക്കൊണ്ട് കഫിറിനു മാത്രമാണ് നഷ്ടമുണ്ടാകുന്നത്. എന്നാൽ, കപട വിശ്വാസി കാരണത്താൽ മുസ്‌ലിമീങ്ങൾക്കും നഷ്ടമുണ്ടാകുന്നു. തങ്ങളിൽപ്പെട്ടവരിൽനിന്ന് കളവ് വിപാടനം ചെയ്യാൻ കഴിയാത്ത ജനതയും മനസ്സിലാക്കുന്നത് തങ്ങൾക്ക് അഭിവൃദ്ധിയും അഭിമാനവും കരസ്ഥമാക്കാൻ കഴിയുമെന്നാണ്. അവരുടെ വിചാരം കുട്ടിയുടേതുപോലെ പാഴാണ്. കുട്ടി ചന്ദ്രന്റെ അടുത്ത് അല്ലെങ്കിൽ നക്ഷത്രങ്ങളുടെ അടുത്ത് എത്തുന്നതായിരിക്കും. എപ്രകാരം ഒരു കുട്ടിയുടെ ചന്ദ്രൻവരേയും നക്ഷത്രങ്ങൾവരേയും എത്തുന്നതിനുള്ള ആഗ്രഹം പാഴാകുന്നുവോ അതേ പ്രകാരം കളവുനിറഞ്ഞ ജനതയും ഒരിക്കലും വിജയിക്കുകയില്ല. നബി[സ]തിരുമേനിയുടെ സത്യസന്ധതയുടേയും സന്മാർഗത്തിന്റേയും അവസ്ഥ അവിടത്തെ ശത്രുവും അവിടന്ന് സത്യസന്ധതുടെ ഉത്തുംഗസ്ഥാനത്ത് നില്ക്കുന്നയാളാണെന്ന് സമ്മതിച്ചിരുന്നു........നബി[സ] തിരുമേനിയുമായി യുദ്ധം ചെയ്തിരുന്ന കഠിനമായ വിരോധിക്കുപോലും നബിതിരുമേനിയെ സംബന്ധിച്ച് അവിടന്ന് എപ്പോഴെങ്കിലും കളവു പറഞ്ഞിട്ടുണ്ടെന്നോ ഉടമ്പടി ലംഘിച്ചിട്ടുണ്ടെന്നോ പറയാൻ തന്റേടമുണ്ടായിരുന്നില്ല. ഇക്കാരണത്താലാണ് മുസ്‌ലിമീങ്ങൾ ഏതെങ്കിലും രാജ്യത്തു പോകുമ്പോൾ, അവരുടെ അതിശ്രേഷ്ഠമായ സ്വഭാവം കണ്ട് അവിടുത്തെ വാസികൾ അവരെ എത്രമാത്രം ഇഷ്ടപ്പെട്ടിരുന്നുവെന്നാൽ അവർ തങ്ങളുടെ സ്വന്തം ജനതയെക്കാളും സ്വന്തം മതത്തിലുള്ള ആളുകളെക്കാളും അവരെ കൂടുതൽ ആദരിച്ചിരുന്നു. അവരുടെ സമാധാനത്തിനുവേണ്ടി പ്രാർഥിച്ചിരുന്നു. ചരിത്രത്തിലെഴുതിയിരിക്കുന്നു, 'മുസ്‌ലിമീങ്ങൾ റോമക്കാരുടെ പ്രദേശത്തുള്ള ഹുമുസ്സ് പിടിച്ചടക്കി കുറച്ചു കാലം കഴിഞ്ഞപ്പോൾ മുസ്‌ലിമീങ്ങൾക്ക് വീണ്ടും ശത്രുവിൽനിന്ന് ആക്രമണ ഭീഷണി ഉണ്ടായി. അപ്പോൾ ഹുമുസ്സ് ഒഴിവാക്കുന്നതാണ് നല്ലതെന്ന് അവർ മനസ്സിലാക്കി. ഈ തീരുമാനത്തിനുശേഷം മുസ്‌ലിമീങ്ങൾ ക്രിസ്ത്യാനികളെ വിളിച്ചുകൂട്ടി അവരോടു പറഞ്ഞു: നിങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുമെന്ന നിബന്ധനയാലാണ് നിങ്ങളിൽനിന്ന് ഞങ്ങൾ ജിസിയ(നികുതി) വസൂലാക്കിയത്. ഇപ്പോൾ ഞങ്ങൾത്തന്നെ വല്ലാത്ത ഒരു അവസ്ഥയിലാണുള്ളത്. ഞങ്ങൾക്ക് നിങ്ങളെ സംരക്ഷിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ആ നികുതി നിങ്ങൾക്കുതന്നെ മടക്കിത്തരികയാണ്. അങ്ങനെ ക്രിസ്ത്യാനികളിൽനിന്നു നികുതി ഇനത്തിൽ വാങ്ങിയ ലക്ഷക്കണക്കിനു രൂപ അവർക്ക് മടക്കിക്കൊടുത്തു. ഈ ഉത്തമമായ മാതൃക ക്രിസ്ത്യാനികളിൽ എത്രമാത്രം സ്വാധീനമുണ്ടാക്കിയെന്നാൽ ഇസ്‌ലാമിക സൈന്യം മടങ്ങിപ്പോകുമ്പോൾ അവർ കരഞ്ഞ് കരഞ്ഞ് അവരോടൊപ്പം വന്നുകൊണ്ടിരുന്നു. അവരിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു, തൗറാത്താണെ സത്യം! ഞങ്ങൾ ജീവിച്ചിരിക്കുവോളം ഹുമുസ്സ് കീഴടക്കാൻ ഖയ്സ്വറിന് സാധിക്കുകയില്ല. *(ഫുതൂഹുൽ ബുൽദാൻ ബിലാസരി പേജ് 137)*

പറഞ്ഞതിന്റെ ചുരുക്കം സത്യസന്ധത എങ്ങനെയുള്ള കാര്യമാണെന്നാൽ അതുകൂടാതെ ഒരു ജനതയുടേയും റുഅ്ബ് അഥവാ ആദരയുക്തമായ ഭയം നിലനില്ക്കുകയില്ല. ആരാണോ സത്യസന്ധതയുടേയും വിശ്വസ്തതയുടേയും മാതൃക കാഴ്ചവെക്കുന്നത് അവർ തങ്ങളുടെ ജനതയ്ക്ക് തിലകക്കുറി ചാർത്തുന്നു. ഈ മാതൃക കാണിക്കാത്തവർ തങ്ങളുടെ ജനതയുടെ ഗളഛേദം ചെയ്യുന്നവരാണ്. *(തഫ്സീറെ കബീർ വാള്യം 6, പേജ് 41, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

അതായത് ബയ്അത്തു ചെയ്തു എന്നതിൽ! അല്ലാഹു കേവലം വാക്പരമായ ബയ്അത്തുകളെ ഇഷ്ടപ്പെടുന്നില്ല. ബയ്അത്ത് ചെയ്യുന്നനേരത്ത് തൗബ ചെയ്യുന്നതുപോലെ ആ തൗബയിൽ നിലനില്ക്കണമെന്നാണ് അവനാഗ്രഹിക്കുന്നത്. ഓരോ ദിവസവും അതിന്റെ കെട്ടുറപ്പിന് നിമിത്തമാകുന്ന പുതിയ ശ്രദ്ധ ഉണ്ടാക്കുക." പറയുന്നു: "അല്ലാഹു അഭയം അന്വേഷിച്ച് നടക്കുന്നവർക്ക് അഭയം നല്കുന്നു. ആരാണോ അല്ലാഹുവിലേക്ക് വരുന്നത് അവൻ അവരെ പാഴാക്കിക്കളയുകയില്ല."

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇക്കാര്യങ്ങളാണ് അവിടന്ന് നിരന്തരം നമ്മളോടു പറഞ്ഞത്. നമ്മളെ ഈ നിലകൾവരെ എത്തിക്കുന്നതിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ അവിടന്ന് പറഞ്ഞിട്ടുള്ളത്. ഈ നിലകളാണ് തന്റെ ജമാഅത്തിൽ കാണാൻ അവിടന്ന് ആഗ്രഹിക്കുന്നത്. ജമാഅത്തിന്റെ വലിയൊരു ഭാഗം സ്ത്രീകളടങ്ങിയതാണ്. ലോകത്ത് സ്ത്രീകളുടേയും പുരുഷന്മാരുടേയും ആപേക്ഷികത നമ്മോളോടു വിളിച്ചോതുന്നത് അതായത് പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. ഈ ആപേക്ഷികത ജമാഅത്തിലുമുണ്ടാകും. എന്നല്ല ഉണ്ട്. അതുകൊണ്ട് നമ്മുടെ വലിയ വിഭാഗം ഈ നിലകൾ കൈവരിക്കാത്തിടത്തോളം ജമാഅത്തിന്റെ അഭിവൃദ്ധി ഈ നിലകൾവരെ എത്തിക്കാൻ കഴിയുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്[അ]ഇത് കുറഞ്ഞത് ഒരു അഹ്മദിമുസൽമാന്റേതെന്ന് വിവരിച്ചിരിക്കുന്നു.(തുടരും)

പേജ് 1 ൽ നിന്ന്

സമ്മതിക്കുമോ? പ്രവാചകരേ! അങ്ങയുടെ അവശിഷ്ടത്തിൽ എനിക്കുള്ള അവകാശം മറ്റാർക്കും കൊടുക്കാൻ ഞാനൊരുക്കമില്ല. ആ യുവാവ് പ്രത്യുത്തരം നൽകി. നബി[സ]തിരുമേനി അയാൾക്കു തന്നെ ആദ്യം കൊടുത്തു. *(ബുഖാരി കിതാബുൽ ഹിബ)*

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

പേജ് 7 ൽ നിന്ന്

എതായാലും അല്ലാഹുവിനുമാത്രമെ നന്നായി അറിയുകയുള്ളൂ. ചുരുക്കത്തിൽ ഈ ഗസ്‌വകൾ ശത്രുക്കളുടെ ദ്രോഹങ്ങൾ തടയാനും അവരുടെ ദ്രോഹ ചിന്തകളെ ഇല്ലാതാക്കാനും സമാധാനാന്തരീക്ഷം സ്ഥാപിക്കാനും വേണ്ടി ചെയ്തുവെന്നാണ് സ്ഥാപിതമാകുന്നത്. അതല്ലാതെ എന്തെങ്കിലും കൊള്ളയും കൊലയും അനാവശ്യ കൈകടത്തലുകൾ നടത്താനും സമാധാനം നശിപ്പിക്കാനുമല്ല ചെയ്തത്. നബി(സ) തിരുമേനിക്കുമേലുള്ള ഇത്തരം ആരോപണങ്ങളെ യാഥാർഥ്യങ്ങൾ നിഷേധിക്കുന്നു. കാരണം യുദ്ധം നടക്കാതെ വന്നപ്പോൾ അവർ ശാന്തരായി തിരിച്ചു വരികയാണുണ്ടായത്. ആർക്കും നഷ്ടമുണ്ടാക്കിയില്ല. നാട്ടിൽ പൊതുവിൽ മുസ്‌ലിമീങ്ങളുടെ ഈ നിലപാട് കാരണം സമാധാനം സ്ഥാപിതമായി. അക്രമത്തിൽനിന്ന് മുസ്‌ലിം സംഘങ്ങൾക്ക് മാത്രമല്ല രാജ്യത്തിലെ മറ്റുസംഘങ്ങൾക്കും രക്ഷ ലഭിച്ചു. ഈ രണ്ട് ഗസ്‌വകളുടെയും പരാമർശങ്ങൾ ഇവിടെ അവസാനിക്കുകയാണ്.

ഞാൻ വീണ്ടും ദുആയിലേക്കും ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ലോകത്ത് മൊത്തത്തിൽ സമാധാനം സ്ഥാപിക്കുമാറാകട്ടെ. ആ സമാധാനം സ്ഥാപിക്കുന്നതിനാണ് നബി(സ) തിരുമേനി തന്റെ കാലത്ത് പരിശ്രമിച്ചത്. നബി(സ) തിരുമേനിയുടെ ആഗമന ലക്ഷ്യവും ഇസ്‌ലാമിന്റെ അധ്യാപനവും ഇതുതന്നെയാണ്. ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം മുഖേന മാത്രമേ സാധ്യമാകുകയുള്ളൂ. അതിന് ദുആകൾ അനിവാര്യമാകുന്നു. ലൗകികരായ ആളുകൾ പ്രത്യക്ഷത്തിൽ സ്വന്തം കാലുകളിൽത്തന്നെ കോടാലി വെട്ടാൻ ഒരുങ്ങകയാണെന്ന് തോന്നുന്നു. പ്രത്യക്ഷത്തിൽ സമാധാനത്തിനുള്ള ഒരു അവസ്ഥയും കാണപ്പെടുന്നില്ല. മറ്റൊന്നു ഈ പാശ്ചാത്യ രാജ്യങ്ങളിലും ഇപ്പോൾ മുസ്‌ലിമീങ്ങൾക്കെതിരിലുള്ള നീക്കം ത്വരിത ഗതിയിലാക്കിയിരിക്കുന്നു. അങ്ങനെ ആകുകയാണ്. ഭാവിയിൽ അത് കൂടുമെന്നാണ് തോന്നുന്നത്. അതുകൊണ്ട് മുസ്‌ലിമീങ്ങൾക്ക് തങ്ങളുടെ സുരക്ഷയ്ക്കുള്ള സംവിധാനം ഒരുക്കേണ്ടി വരുന്നതാണ്. ഒരു ഐക്യമുണ്ടാക്കേണ്ടി വരും. തങ്ങളുടെ അവസ്ഥകളെ നന്നാക്കേണ്ടി വരും. ഇത് അവർക്ക് മനസ്സിലാകാൻ അല്ലാഹു കനിയുമാറാകട്ടെ.

മുസ്‌ലിം രാജ്യങ്ങളിൽ, സുഡാനിലും മറ്റും മുസ്‌ലിമീങ്ങൾ മുസ്‌ലിമീങ്ങളെത്തന്നെ ദ്രോഹിക്കുന്നു. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്കും സമാധാനം സ്ഥാപിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. തങ്ങളുടെ ദീനിന്റെ ലക്ഷ്യം ഇവർ മറന്നുപോയിരിക്കുന്നു. സ്വസഹോദരങ്ങളെ കൊല്ലുന്നു. അതുകൊണ്ടുതന്നെ അന്യരും മുസ്‌ലിമീങ്ങളെ ആക്രമിക്കുന്നു. തങ്ങളുടെ അഹംഭാവവും സ്വാർഥ താൽപര്യവും പൂർത്തിയാക്കുന്നതിനുപകരം രാജ്യത്തിന്റെയും സമൂഹത്തിന്റെയും സേവനത്തിനും സമാധാനം ഇല്ലാതാക്കുന്നതിനു പകരം സമാധാനം സ്ഥാപിക്കാനും അല്ലാഹു ഇവർക്ക് തൗഫീഖ് നൽകുമാറാകട്ടെ. *(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)*

## • ഹദീഥുന്നബ്‌വി(സ) •

**പണ്ഡിതന്മാർ പ്രവാചകന്മാരുടെ അവകാശികളാകുന്നു. അവരുടെ അനന്തരാവകാശമായി അവർ ജ്ഞാനം നൽകുന്നു; അതു അനന്തരാവകാശമായി കിട്ടുന്നവർക്ക് വലിയൊരു സ്വത്താണ് ലഭിക്കുന്നത്.'**

SCAN(BAR-CODE) FOR OUR NILAMBUR TEAK

ത്വാലിബെ ദുആ:
TIMBELLA
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY
CALL. : 9744366004, 8086399638

## • ഹദീഥുന്നബ്‌വി(സ) •

**'ഒരു മുസ്‌ലിമിനെ ചീത്ത പറയുന്നത് അതിക്രമമാകുന്നു. അവനോടു യുദ്ധം ചെയ്യുന്നത് അവിശ്വാസവുമാകുന്നു.'**

(ബു. 2:35)




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ:
Prop.M.SHAFIQ - 80752 12141 ,
M.MUSTAFA - 91887 68150
M.MUNEER - 99468 71947,
KARULAI, MALAPURAM

പേജ് 1 ൽ നിന്ന്

കൊണ്ടു ഓർമിച്ചുകൊള്ളുവിൻ! അല്ലാഹു ഞാൻ പറയുന്ന ഈ വഴിയാണ് ഇഷ്ടപ്പെട്ടത്. ഈ ഏറ്റവും അടുത്ത വഴി അവൻതന്നെയാണ് തെളിച്ചത്. അവർ റയിൽപോലെയുള്ള സുഖകരമായ യാത്രാവാഹനത്തെ ഉപക്ഷിച്ചുകൊണ്ട് വളരെ ദുർബലമായ കൊച്ചു കുതിരയുടേമേൽ യാത്ര ചെയ്യുന്നു. അത് ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല. അഹോ കഷ്ടം! ഇക്കൂട്ടർ അല്ലാഹുവിന്റെ വാക്കുകളെ വിട്ടുകൊണ്ട് സയ്ദിന്റേയും ബക്റിന്റേയും വാക്കുകളിൽ മരിക്കുകയാണ്. ആ ഹദീഥ് ആരാണ് തന്നതെന്ന് അവരോടു ചോദിക്കുക?

ഞാൻ നിരന്തരം ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അതായത് നാം പറയുന്ന രീതി ആദ്യം മുതലേ മുസ്‌ലിമാകുക എന്നാകുന്നു. പിന്നീട് അല്ലാഹു യഥാർഥ യാഥാർഥ്യം സ്വയമേവ തുറന്നു തരുന്നതാണ്. ഞാൻ സത്യമായും പറയുന്നു, ഇവർ ഇത്രമാത്രം അതിരുകവിഞ്ഞ് സ്നേഹിക്കുന്ന ആ ഇമാം ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അവരോടു കഠിനമായ ജാഗ്രത പ്രകടിപ്പിക്കുക.

നാം അത്തരമാളുകളിൽനിന്ന് മുഖംതിരിക്കുമ്പോൾ വീണ്ടും പറയുന്നു, നാം അങ്ങനെ ആക്ഷേപം ഉന്നയിച്ചുവെന്ന്. അതിനു മറുപടി വന്നിട്ടില്ലെന്ന്. പിന്നീട് നോട്ടീസ് കൊടുത്തു ചുറ്റിക്കറങ്ങുന്നു. എന്നാൽ, നാം അത്തരം കാര്യങ്ങളെ എന്തു വിലവെക്കാനാണ്. നമ്മുടെ ജോലിയാണ് നാം ചെയ്യുന്നത്.

അതുകൊണ്ട് ഓർമിച്ചുകൊള്ളുവിൻ! പഴയഖിലാഫത്തിന്റെ കലഹം വിട്ടു കളയുക. ഇപ്പോൾ പുതിയ ഖിലാഫത്തിനെ കൈക്കൊള്ളുക. ജീവനുള്ള ഒരു അലി നിങ്ങളുടെ ഇടയിലുണ്ട്. അയാളെ വിട്ട് മരിച്ച അലിയെ അന്വേഷിക്കുകയാണോ."*(മൽഫൂദാത്ത് വാള്യം 2, പേജ് 25, 2018 ഖാദിയാൻ പതിപ്പ്)*

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...

The Weekly BADR Qadian
(Malayalam)

## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക;
## തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

**സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു:**

"ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവികരായ മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നുകൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്മദികൾക്ക് മറ്റു ലോകഅഹ്മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ."

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ(അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാഭരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾക്കു പുറമെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്വ്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധ രാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യവും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ടത് ഓരോ അഹ്മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പതിപ്പ് ഹിന്ദി, ബംഗ്ല , തമിൾ, തെലുങ്ക്, മലയാളം, ഒഡിയ, കന്നഡ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേയും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടുക.*(മാനേജർ ബദ്ർ വീക്കിലി)*

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 15 August 2024 Issue-33

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**കഴിഞ്ഞലക്കം തുടർച്ച....**

### സർട്ടിഫിക്കേറ്റുകളും മെഡലുകളും വിതരണം

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് വിദ്യഭ്യാസരംഗത്ത് അതുല്യമായ വിജയം കരസ്ഥമാക്കിയ വിദ്യാർഥിനികൾക്ക് സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു. ഹദ്റത്ത് ബീഗം സാഹിബ മദ്ദ ളില്ലഹാ ആ വിദ്യാർഥിനികളെ പതക്കങ്ങൾ അണിയിച്ചു. വിദ്യാഭ്യാസപരമായി അവാർഡ് കരസ്ഥമാക്കിയ ഭാഗ്യവതികളായ വിദ്യാർഥിനികളുടെ നാമങ്ങൾ താഴെ പറയുന്നു:

* ഡോക്ടർ ഫായിദ ഖലീൽ സാഹിബ-(പ്രൊമോഷൻ ഇൻ കെമിസ്ട്രി)മേഗിന കം ലൗഡേ, * ഡോക്ടർ ഹസ്ബത്തുസ്സ്വബൂർ ഖാൻ സാഹിബ മാസ്റ്റേഴ്സ് ഇൻ Epidemiology മെഡിസിൻ 99%, *ഹുമയ്റ നസ്ഹത്ത് മനിക് സാഹിബ മാസ്റ്റേഴ്സ് ഓഫ് എഡ്യുക്കേഷൻ ഇൻ എഡ്യുക്കേഷൻ സയൻസ് 99%, * റയ്ഹാനുൽഹഖ് സാഹിബ (മാസ്റ്റേഴ്സ് ഓഫ് ആർട്ട്സ് ഇൻ ഇംഗ്ലീഷ് ആന്റ് മേയർ ഹിസ്റ്ററി 96%, * ഖുർറത്തുൽ അയ്ൻ സ്വദ്ഫ് സാഹിബ(മാസ്റ്റേഴ്സ് ഓഫ് ആർട്ട്സ് ഇൻ ആർക്കിടെക്ച്ചർ)90%, * അമത്തുൽ വാസിഅ ഹയാത്ത് സാഹിബ(ഡിപ്ലോമ ഇൻ കമ്പ്യുട്ടർ സയൻസ്)89%, * അദീല മഹ്മൂദ് അസ്ലം സാഹിബ(മാസ്റ്റേഴ്സ് ഇൻ ഓൺലൈൻ ജേർണലിസം) 89%, * അത്വിയ ളുഫ്ർ സാഹിബ (മാസ്റ്റേഴ്സ് ഓഫ് ആർട്ട്സ് ഇൻ ആർക്കിടെക്ച്ചർ)86%, * ഫർഹാന കൻവൽ അഹ്മദ് സാഹിബ(മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇക്ണോമിക്സ് CGPA3.8 Artium in English and German Megister) * ഡോക്ടർ ഉല്ഌമ നൂറയ്ൻ കയ്റിച്ച് സാഹിബ (മെഡിക്കൽ സ്പെഷ്യലിസ്റ്റ് ഇൻ ന്യൂറോ സർജറി)* ഥുറൂത്ത് ഖദീർ സാഹിബ(മാസ്റ്റേഴ്സ് ഇൻ ലോ 9.4 പൗണ്ട്സ്) * സ്വബാ റഹ്മാൻ(മാസ്റ്റേഴ്സ് ഓഫ് ഫിലോസഫി ഇൻ കെമിസ്ട്രി) * ഥാനിയ ദാഹ്നീ സാഹിബ(മാസ്റ്റർ ഇൻ സോഷ്യൽ മെഡിറ്റേഷൻ)*ദുനൂബിയ ഇഫത്ത് സാഹിബ(ഡിപ്ലോമ ഇൻ ട്രാൻസലേഷൻ & ഇന്റർ പ്രട്ടേഷൻ) * ഖമറുൽഇസ്ലാം വാഹില സാഹിബ(ബാച്ചലർ ഓഫ് സയൻസ് ഇൻ ഫിസിക്സ് വ ഓണേഴ്സ് CGPA3.5) * സയ്യിദ ബുഖാരി സന്നീറ ത്വാഹിർ സാഹിബ (ബാച്‌ലർ ഓഫ് മെഡിസിൻ ഇൻ ജനറൽ മെഡിസിൻ)96%, * BCi ജാവേദ് സാഹിബ (ബാച്‌ലർ ഓഫ് സയൻസ് ഇൻ ഫോഡ് കെമിസ്ട്രി)96%, * ഉല്ഌമ ഹനീഫ സ്വാബിർ സാഹിബ(ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ സോഷ്യൽ വർക്)90%, * ബാസിമ മഖ്സ്വൂദ് സാഹിബ(ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ ഓർയന്റൽ സ്റ്റഡീസ്) 90%, *ഹന്ന മഖ്സ്വൂദ് സാഹിബ(ബാച്ച്ലർ ഓഫ് സയൻസ് ഇൻ കമ്പ്യൂട്ടർ സയൻസ്)89%, * സ്വൂഫിയ അഹ്മദ് സാഹിബ(ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ എജ്യുക്കേഷൻ & ട്രൈനിംഗ് ഇൻ ചൈൽഡ്ഹുഡ്) 88%, * ഫൗസിയ സാജിദ് സാഹിബ (ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ റിലീജിയസ് സ്റ്റഡീസ്)87%, * മുനസ്സ അഫ്ളാൽ സാഹിബ(ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ ഹിസ്റ്റോറിക്കൽ സയൻസ് & സോഷ്യോളജി)87%, * ത്വയ്യിബ അല്ഌമത്ത് ചൗദരീ സാഹിബ(ബാച്ച്ലർ ഓഫ് സയൻസ് ഇൻ ബിസിനസ്സ് എക്ണോമിക്സ്)87%, * ആലിയ നൂർ അമത്തുൽഹാദി ഹുബ്ശ് സാഹിബ (ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ റിലീജിയസ് സ്റ്റഡീസ്)87%, * ഥമൻ അബ്ബാസ് സാഹിബ(ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ ആർക്കിടെക്ചർ)87%, * നാസിശ് ഭട്ടി സാഹിബ (ബാച്ച്ലർ ഓഫ് സയൻസ് ഇൻ ബയോ മെഡിക്കൽ സയൻസ്) 86%, * കാശിഫ ബട്ട് സാഹിബ(ബാച്ച്ലർ ഓഫ് ആർട്ട്സ് ഇൻ എജ്യുക്കേഷൻ സയൻസ്)86%, * സമീറ നയ്യർ റാണ സാഹിബ(ബാച്ച്ലർ ഓഫ് ആർട്ടസ് ഇൻ സോഷ്യൽ വർക്)86%, * ത്വാഹിറ അഹ്മദ് സാഹിബ(ബാച്ച്ലർ ഓഫ് സയൻസ് ഇൻ എക്ണോമിക് എഡ്യുക്കേഷൻ)86%, * വജീഹ മഹ്മൂദ് സാഹിബ(ബാച്ച്ലർ ഓഫ് ഫിലോസഫി)83%, * അരീബ ഖയ്സർ സാഹിബ(ആബി ടൗർ)96%, * ലനാ ശേയ്ഖ് സാഹിബ(ആബി ടൗർ)96%, * നാഇല നജം സാഹിബ(ആബി ടൗർ)95%, * ത്വൂബ അഹ്മദ് സാഹിബ(ആബി ടൗർ)93%, * അമ്മാറ മത്തീൻ സാഹിബ(ഓ ലെവൽ) 97%, * ഖൗല ഖാൻ സാഹിബ(ഓ ലെവൽ)97%.

### ഹുദൂറിന്റെ പ്രഭാഷണം

അവർഡ് വിതരണത്തിനുശേഷം 12.25-ന് ഹുദൂർ അയ്യദഹുല്ലാഹ് പ്രഭാഷണം തുടങ്ങി. തശഹ്ഹുദ് തഅവ്വുദ് സൂറ ഫാതിഹ ഓതിയതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ജമാഅത്തിൽ പ്രവേശിച്ചിട്ട് ഒന്നാമതായി ജീവിതത്തിൽ ഇങ്ങനെ മാറ്റമുണ്ടാക്കേണ്ടതാണ്. അതായത് അല്ലാഹുവിലുള്ള വിശ്വാസം സത്യസന്ധമായിരിക്കണം. അത് എല്ലാ മുസ്വീബത്തിലും പ്രയോജനം ചെയ്യുന്നതായിരിക്കും. പിന്നീട് അതിലെ കൽപ്പനകൾ നിസ്സാരമായ ദൃഷ്ടിയോടെ ഒരിക്കലും കാണാൻ പാടില്ല. പ്രത്യുത ഓരോരോ കൽപ്പനയും ബഹുമാനത്തോടെ നോക്കിക്കാണേണ്ടതാണ്. കർമംകൊണ്ട് ആ ബഹുമാനത്തിനു തെളിവു നല്കേണ്ടതാണ്. ഉദാഹരണത്തിന് നമസ്കാരത്തിന്റെ കൽപ്പന. ഒരാൾ അതനുഷ്ഠിക്കുമ്പോഴും നമസ്കരിക്കുമ്പോഴും ചിലർ അതുനോക്കി പരിഹസിക്കാറുണ്ട്. പക്ഷേ, ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ അക്കാര്യങ്ങൾകൊണ്ടും പരിഹാസംകൊണ്ടും അവഹേളനംകൊണ്ടും നമസ്കരിക്കുന്നത് ഉപേക്ഷിക്കാൻ പാടില്ല."

പിന്നീട് അവിടന്ന് പറഞ്ഞു: "ഓർമിച്ചുകൊള്ളുക, ഈ ജമാഅത്തിൽ പ്രവേശിക്കുന്നതുകൊണ്ട് ലോകം അഥവാ ഭാതികത ഉദ്ദേശ്യമാകാൻ പാടില്ല. പ്രത്യുത അല്ലാഹുവിന്റെ പ്രീതിയായിരിക്കണം ലക്ഷ്യം." അവിടന്ന് പറഞ്ഞു: "ആഖിറത്തിനെ കുറിച്ച് ചിന്തിക്കേണ്ടത് നിർബന്ധമാണ്. ആഖിറത്തിനെ കുറിച്ച് ചിന്തിക്കുന്നവനുമേൽ അല്ലാഹു ലോകത്ത് കരുണ ചെയ്യുന്നതായിരിക്കും. ബയ്അത്തിന്റെ ആത്മാർഥമായ ഉദ്ദേശ്യങ്ങളോടു, അത് ദൈവഭയത്തിലും ഭക്തിയിലുമധിഷ്ഠിതമാണ് ഭൗതികോദ്ദേശ്യങ്ങളെ ഒരിക്കലും കൂട്ടിക്കലർത്തരുത്. നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുക. തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകിയിരിക്കുക. മനുഷ്യകുലത്തിന്റെ അവകാശങ്ങൾ കാത്തുസൂക്ഷിക്കുക. ആരേയും വേദനിപ്പിക്കരുത്. വിശ്വസ്തതയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുക. അപ്പോൾ അല്ലാഹു എല്ലാതരത്തിലുള്ള അനുഗ്രഹവും ചെയ്യുന്നതായിരിക്കും." പറഞ്ഞു: "ഓർമിച്ചുകൊള്ളുക! നിങ്ങളോരിക്കലും നിങ്ങളുടെ ചെയ്തികൾകൊണ്ട് ജമാഅത്തിന് ചീത്തപ്പേരുണ്ടാക്കരുത്."

പിന്നീട് അവിടന്ന് സ്ത്രീകളെ ഉപദേശിച്ചു. "പരിഭവം, പരാതി, പരദൂഷണം തുടങ്ങിയവയിൽനിന്ന് നിങ്ങളെ തടയുക." വീണ്ടും പറഞ്ഞു:"നാവുകൊണ്ടു ബയ്അത്ത് ഏറ്റു പറയൽ ഒരു പ്രയോജനവും ചെയ്യുകയില്ല. അല്ലാഹു ആത്മപരിശുദ്ധിയാണ് ആഗ്രഹിക്കുന്നത്."

ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ബയ്അത്തിന്റെ യഥാർഥ ഉദ്ദേശ്യം തൗബ ചെയ്യുക, ഇസ്തിഗ്ഫാർ ചെയ്യുക, നമസ്കാരങ്ങൾ ശരിയാക്കി നമസ്കരിക്കുക, അനുവദനീയമല്ലാത്ത പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടുക എന്നതാണ്. ഞാൻ ജമാഅത്തിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, ജമാഅത്തും സ്വയമേവ തങ്ങളെ പരിശുദ്ധമാക്കേണ്ടതാണ്. ഓർമിക്കുക! അശ്രദ്ധയുടെ പാപം പശ്ചാത്താപത്തിന്റെ പാപത്തെക്കാളുപരിയാണ്. ഈ പാപം വിഷലിപ്തവും കൊല്ലുന്നവനുമാണ്. തൗബചെയ്യുന്നവൻ അതായത് പശ്ചാത്തപിച്ചു മടങ്ങുന്നവൻ പാപമൊരിക്കലും ചെയ്തിട്ടില്ലാത്തവനെപോലെയാകുന്നു. താനെന്താണ് ചെയ്യുന്നതെന്ന് അറിയാത്തവൻ വളരെ ഭയാനകമായ അവസ്ഥയിലാണ്. അതുകൊണ്ട് ആവശ്യമായിട്ടുള്ളത് അശ്രദ്ധ ഉപേക്ഷിക്കുക എന്നതാണ്. നിങ്ങളുടെ പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുകയും അല്ലാഹുവിനെ ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക. ആരാണോ തൗബ ചെയ്ത് തന്റെ അവസ്ഥ ശരിയാക്കുന്നത് അവർ മറ്റുള്ളവരെ അപേക്ഷിച്ച് രക്ഷിക്കപ്പെടുന്നതായിരിക്കും."

വീണ്ടും പറയുന്നു: "സ്വന്തമായ നിലയിലും തന്നിൽ പരിഷ്കരണമുണ്ടാക്കുകയും അല്ലാഹുവിനോടു സത്യസന്ധമായ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നവർക്കാണ് ദുആ പ്രയോജനപ്പെടുന്നത്. നബി ആർക്കെങ്കിലും വേണ്ടി ശഫാഅത്ത് അഥവാ ശിപാർശ ചെയ്യുകയും എന്നാൽ, ആർക്കുവേണ്ടിയാണോ ശഫാഅത്ത് ചെയ്തത് അയാൾ തന്നിൽ പരിഷ്കരണമുണ്ടാക്കാതിരിക്കുകയും അശ്രദ്ധയുടെ ജീവിതത്തിൽനിന്ന് പുറത്തുവരാതിരിക്കുകയുമാണെങ്കിൽ ആ ശഫാഅത്ത് അയാൾക്ക് ഫലം പ്രദാനം ചെയ്യുയില്ല. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ സ്ഥാനത്ത് നില്ക്കുവോളം ദുആയും അയാൾക്ക് ഫലം ചെയ്യുന്നതായിരിക്കും. വെറും കാര്യകാരണങ്ങളിൽ വിശ്വാസം വെക്കാതിരിക്കുക.

**ശേഷം പേജ് 10 ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin